# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പള്ളിക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി 8/946/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 24/02/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പള്ളിക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പള്ളിക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പള്ളിക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി 8/946/2022 തീയ്യതി: 24/02/2023

## കാസർഗോഡ് ജില്ലയിലെ പള്ളിക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ പള്ളിക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാധാകൃഷ്ണൻ എം.എൻ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ (ഡെപ്യൂട്ടി ഡയറക്ടറുടെ അധിക ചുമതല) | 12-10-2022 | 19-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-10-2022 | 19-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

വിനോദ് കുമാർ.സി (ഓഡിറ്റ് ഓഫീസർ)
തോമസ്.കെ (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
കുഞ്ഞികൃഷ്ണൻ. കെ.സി (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
സുനിൽ കുമാർ.എം (സീനിയർ ഗ്രേഡ് ഓഡിറ്റർ)

ബിന്ദു.വി.വി (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| എം.കുമാരൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| രാധാകൃഷ്ണൻ.എം.കെ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ജോർജ്ജ്.വി.എ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 13-07-2021 |
| ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 14-07-2021 | 03-08-2021 |
| അനീഷ് കുമാർ .കെ.എച്ച് | അസിസ്റ്റന്റ് സെക്രട്ടറി | 04-08-2021 | 31-03-2022 |
| വേണുഗോപാലൻ.കെ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| സുമിഷ.കെ.കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| രാജേന്ദ്രൻ എ.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പള്ളിക്കര സർക്കിൾ) | 01-04-2021 | 14-11-2021 |
| ശ്രീനിവാസൻ.ജി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പള്ളിക്കര സർക്കിൾ) | 15-11-2021 | 31-03-2022 |
| കുഞ്ഞുമോൻ.സി.എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പനയാൽ സർക്കിൾ) | 01-04-2021 | 10-10-2021 |
| സഞ്ജയ് കുമാർ.കെ.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പനയാൽ സർക്കിൾ) | 11-10-2021 | 21-01-2022 |
| ശ്രീനിവാസൻ.ജി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പനയാൽ സർക്കിൾ) | 22-01-2022 | 01-02-2022 |
| രമേശൻ.എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പനയാൽ സർക്കിൾ) | 02-02-2022 | 31-03-2022 |
| ബിന്ദു.കെ.കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 15-11-2021 |
| ഷംസിയമോൾ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 16-11-2021 | 31-03-2022 |
| സിവിക്കുട്ടി വർഗ്ഗീസ് | പ്രധാനധ്യാപകൻ | 01-04-2021 | 31-03-2022 |
| ഡോ.അശ്വിൻ.കെ | വെറ്റിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ഡോ.ബിനി മോഹൻ | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ഡോ.ബിന്ദു.കെ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ഡോ.രേഷ്മ.എ.കെ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2021 | 08-12-2021 |
| ഡോ.ഷീബ.എം.എസ് | മെഡിക്കൽ ഓഫീസർ ഹോമിയോ | 09-12-2021 | 31-03-2022 |
| വേണുഗോപാലൻ. പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| പ്രമീള .ഒ.വി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികക്കൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി സമർപ്പിച്ചില്ല. | 1-2-1 |
| 4 | ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിലെ അപാകത | 1-2-2 |
| 5 | നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-2-3 |
| 6 | 350800299-Other Liabilities- ബാധ്യതാ വിവരം കൃത്യമല്ല. | 1-2-4 |
| 7 | ചെലവ് തുക ബാധ്യതയിൽ നിന്ന് കുറവ് ചെയ്തിട്ടില്ല. | 1-2-5 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | വിവിധ ഫണ്ടുകളുടെ വിനിയോഗ വിവരം | 1-4 |
| 10 | പദ്ധതി അവലോകനം. | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 13 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | വാടകയിനത്തിൽ വൻകുടിശ്ശിക | 1-10 |
| 16 | വസ്തു നികുതി വിജ്ഞാപന ഭേദഗതി നടപ്പിൽ വരുത്തിയില്ല. | 1-11 |
| 17 | അനധികൃത നിർമ്മാണങ്ങളും - രജിസ്റ്ററുകളുടെ സൂക്ഷിപ്പും. | 1-12 |
| 18 | നാഷണൽ ഹൈവേ കൺസ്ട്രക്ഷൻ പ്രൊജക്ട് -കരാർ കമ്പനിയുടെ കെട്ടിട നിർമ്മാണം- അനുമതി ലഭിക്കാതെ നിർമ്മാണം പൂർത്തിയാക്കി. | 1-13 |
| 19 | പൊതു ടാപ്പ് - കുടിവെള്ള ചാർജ്ജ് കുടിശ്ശിക- പിഴ ഇനത്തിൽ വൻ തുക ഒടുക്കുവാനവശേഷിക്കുന്നു. | 1-14 |
| 20 | ജലജീവൻ മിഷൻ - കുടിവെള്ള സൗകര്യം നിലവിലുള്ള ഘടക സ്ഥാപനങ്ങൾക്കും കുടിവെള്ള കണക്ഷൻ നൽകി - ഗ്രാമ പഞ്ചായത്തിന് ബാധ്യത | 1-15 |
| 21 | തെരുവ് വിളക്കുകളുടെ എണ്ണം - കൃത്യമായ കണക്ക് ലഭ്യമല്ല | 1-16 |
| 22 | തെരുവ് നായ നിയന്ത്രണ പരിപാടി - ഗ്രാമ പഞ്ചായത്തിന് പ്രയോജനം ലഭിക്കുന്നില്ല. | 1-17 |
| 23 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള- സ്കോളർഷിപ്പ്- തുക അധികം നല്കി | 1-18 |

| | | |
|---|---|---|
| 24 | അംഗണവാടി പോഷകാഹാര വിതരണം- ഉത്തരവിന് വിരുദ്ധമായി ജി.എസ്.ടി ഈടാക്കി | 1-19 |
| 25 | ബംഗാഡ് വ്യവസായ കേന്ദ്രത്തിന് ചുറ്റുമതിൽ നിർമ്മാണം-ഉദുമ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിക്ക് തുക നൽകിയപ്പോൾ L1 കരാറുകാരൻ കോട്ട് ചെയ്ത തുകയുടെ 10% അധികരിച്ച തുകയ്ക്ക് പരിമിതപ്പെടുത്തിയിട്ടില്ല. | 1-20 |
| 26 | ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികൾകൾക്ക് TDS ആയി ജി.എസ്.ടി ഈടാക്കിയിട്ടില്ല. | 1-21 |
| 27 | ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം തുടർന്നു | 1-22 |
| 28 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകൽ പദ്ധതി അധിക തുക അനുവദിച്ചു | 1-23 |
| 29 | ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 1-24 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ബംഗാഡ് വ്യവസായ കേന്ദ്രത്തിന് ചുറ്റുമതിൽ നിർമ്മാണം-ഉദുമ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിക്ക് തുക നൽകിയപ്പോൾ L1 കരാറുകാരൻ കോട്ട് ചെയ്ത തുകയുടെ 10% അധികരിച്ച തുകയ്ക്ക് പരിമിതപ്പെടുത്തിയിട്ടില്ല. | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ്ജ്, സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് |
| 4 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |
| 6 | ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികൾകൾക്ക് TDS ആയി ജി.എസ്.ടി ഈടാക്കാത്ത പ്രവൃത്തികൾ. |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 22/02/2021 ലെ<br>01/01 നമ്പർ തീരുമാനം | 25/03/2022 ലെ<br>01/01 നമ്പർ തീരുമാനം |
| മുന്നിരിപ്പ് | 6686471 | 29920005 |
| വരവ് | 306013531 | 258627303 |
| ആകെ | 312700002 | 288547308 |
| ചെലവ് | 309756697 | 268383592 |
| നീക്കിയിരിപ്പ് | 2943305 | 20163716 |

### 1-2 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

പള്ളിക്കര ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വാർഷിക ധനകാര്യ പത്രിക പരിശോധിച്ചു. വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 വാർഷിക ധനകാര്യ പത്രികക്കൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി സമർപ്പിച്ചില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

### 1-2-2 ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിലെ അപാകത

2020-21 ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ലഭിച്ചിട്ടുള്ള ഗ്രാന്റുകൾ ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ട്. ഈ തുകകൾ സമയബന്ധിതമായി ചെലവഴിക്കാത്തത് വീഴ്ചയാണ്. കൂടാതെ ചില ഫണ്ടുകൾ പ്രത്യേക ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ച് ചെലവഴിക്കണം എന്ന നിബന്ധന പാലിച്ചിട്ടില്ല. എം.എൻ.ആർ.ഇ.ജി.എ., സാക്ഷരത എന്നിവ ഒഴികെയുള്ള സ്പെസിഫിക് പർപ്പസ് ഗ്രാന്റുകൾ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും വ്യക്തമായ വിവരങ്ങൾ രേഖപ്പെടുത്തി എ.സി.ആർ. സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ തുകകളുടെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല. പൊരുത്തപ്പെടുത്താനാവുന്ന വിധം നീക്കിയിരുപ്പ് തുക പ്രത്യേക ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-2-3 നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ ചില അക്കൗണ്ടുകൾ വർഷങ്ങളായി ഇടപാടുകളില്ലാതെ തുടരുന്നതായും മേൽ അക്കൗണ്ടുകളിൽ തുക നീക്കിയിരിപ്പുള്ളതായും കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | അക്കൗണ്ടുകൾ | 31.03.2022 ന് നീക്കിയിരുപ്പ് തുക |
|---|---|---|
| 1 | PNB PLAN-30021 | 3174 |
| 2 | Pallikkara SCB-9169 | 146 |
| 3 | Pallikkara SCB-(സാക്ഷരത) | 1159 |

| | | |
|---|---|---|
| 4 | PNB(swajaldara) | 4128 |
| 5 | Panayal SCB(SSA) | 48562 |

പ്രത്യേക ഉത്തരവുപ്രകാരം തുടങ്ങിയതും നിലനിർത്തേണ്ടതില്ലാത്തതുമായ അക്കൗണ്ടുകൾ ക്ലോസ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുക ആതാത് ഹെഡിലേക്ക് അടവാക്കുകയോ തനതുഫണ്ടിലേക്ക് മുതൽക്കൂട്ടുകയോ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 1-2-4 350800299-Other Liabilities- ബാധ്യതാ വിവരം കൃത്യമല്ല.

ബാലൻസ് ഷീറ്റ് പ്രകാരം 350800299 എന്ന ഹെഡിൽ 1,70,000 രൂപ മറ്റ് ബാധ്യതകൾ എന്ന് രേഖപ്പെടുത്തി അക്കൗണ്ട് ചെയ്തിട്ടുണ്ട്. രസീത് നം 11606900035 തീ.31.1.2017 പ്രകാരമുള്ള 10,000 രൂപ, രസീത് നം 118030100251 തീ.10.4.2018 പ്രകാരമുള്ള 30,000 രൂപ, രസീറ്റ് നം 12007090019 തീ.14.10.2020 പ്രകാരമുള്ള 1,30,000 രൂപ എന്നിവയുടെ നിജസ്ഥിതി പരിശോധിക്കേണ്ടതാണ്. മേൽ വിവരിച്ച തുകകൾ എന്ത് ആവശ്യത്തിനാണ് ലഭിച്ചിട്ടുള്ളത് എന്ന് കണ്ടെത്തി, ആയത് ബന്ധപ്പെട്ട ഹെഡുകളിലേക്ക് മാറ്റി പുനക്രമീകരിക്കേണ്ടതും, തുക ചെലവഴിച്ചിട്ടുണ്ടെങ്കിൽ ആയത് കുറവ് വരുത്തേണ്ടതുമാണ്.

### 1-2-5 ചെലവ് തുക ബാധ്യതയിൽ നിന്ന് കുറവ് ചെയ്തിട്ടില്ല.

350400501- Refunds Payable- Grants And Funds- എന്ന ഇനത്തിൽ 72,075 രൂപ ബാധ്യതയായി കാണിക്കുന്നു. എന്നാൽ പേയ്മെന്റ് വൗച്ചർ നം 21300327 തീയ്യതി.26.09.2013 പ്രകാരം 40,800 രൂപയും, പേയ്മെന്റ് വൗച്ചർ നം 21300326 തീയ്യതി.26.09.2013 പ്രകാരം 31,275 രൂപയും ചെലവ് രേഖപ്പെടുത്തിയതാണ്. ആയത് മേൽ ഹെഡിൽ ജേണൽ ചെയ്ത് കുറവ് വരുത്തിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2021-22 |
|---|---|
| മുന്നിരിപ്പ് | 21104613 |
| വരവ് | 136580996 |
| ആകെ | 157685609 |
| ചെലവ് | 117999941 |
| നീക്കിയിരിപ്പ് | 39685668 |

### 1-4 വിവിധ ഫണ്ടുകളുടെ വിനിയോഗ വിവരം

എ) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത/ ലാപ്സായ തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 0 | 34624239 | 34624239 | 33012064 | 16112175 | |
| വികസന ഫണ്ട് എസ്.സി.പി. | 0 | 2844729 | 2844729 | 2758000 | 86729 | |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 2343911 | 2343911 | 2282385 | 61526 | |
| കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ്- Tied | SO - 0 | 3666411 | 3666411 | 1363670 | 2302741 | |
| | Bank- 0 | 9441000 | 9441000 | 875865 | -- | 8565135 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Un Tied | SO - 0 | 1384660 | 1384660 | 1289518 | 95142 | |
| | Bank- 0 | 6436049 | 6436049 | 4715002 | -- | 1721047 |
| മെയിന്റനൻസ് ഫണ്ട്- റോഡ് | 0 | 21073308 | 21073308 | 7594187 | 13479121 | |
| മെയിന്റനൻസ് ഫണ്ട്- നോൺ റോഡ് | 0 | 9506287 | 9506287 | 5863171 | 3643116 | |

*(വികസനഫണ്ട് സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത ₹41,23,617 (ജനറൽ), ₹1,35,564 (എസ്.സി.പി.), ₹30,352 (ടി.എസ്.പി.) എന്നീ തുകകൾ മേൽ പട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്. )*

ബി) ഫണ്ട് വിനിയോഗം- രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 28888447 | 28888447 | 28888447 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2622436 | 2622436 | 2622436 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2252033 | 2252033 | 2252033 | 0 |
| മെയിന്റനൻസ് ഫണ്ട്- റോഡ് | 0 | 7594187 | 7594187 | 7594187 | 0 |
| മെയിന്റനൻസ് ഫണ്ട്- നോൺറോഡ് | 0 | 5863171 | 5863171 | 5863171 | 0 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Tied | 0 | 10730518 | 10730518 | 2165383 | 8565135 |

| | | | | | |
|---|---|---|---|---|---|
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Un Tied | 0 | 7799719 | 7799719 | 6220367 | 1579352 |
| ബി ഫണ്ട് | | | | | |
| നെല്ലുല്പാദന ബോണസ് | 0 | 1,00,000 | 1,00,000 | 1,00,000 | 0 |
| വിവാഹധനസഹായം | 0 | 5,10,000 | 5,10,000 | 5,10,000 | 0 |
| സംയുക്ത പദ്ധതി | | | | | |
| ബ്ലോക്ക് പഞ്ചായത്ത് | 4,31,000 | 20,09,233 | 24,40,233 | 20,09,233 | 4,31,000 |
| ജില്ലാ പഞ്ചായത്ത് | 0 | 57,91,465 | 57,91,465 | 57,91,465 | 0 |
| കേന്ദ്രാവിഷ്കൃത പദ്ധതി | | | | | |
| തൊഴിലുറപ്പ് പദ്ധതി | 13,897 | 8,83,642 | 8,97,539 | 8,97,537 | 2 |
| NPRPD | 1,75,000 | 0 | 1,75,000 | 0 | 1,75,000 |
| SSA | 2,07,296 | 0 | 2,07,296 | 1,03,051 | 1,04,245 |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 20,89,749 | 17,24,695 | 38,14,444 | 19,84,954 | 18,29,490 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | |
| വിമുക്തി | 14,240 | 0 | 14,240 | 0 | 14,240 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 51,48,957 | 19,89,629 | 71,38,586 | 7,70,000 | 63,68,586 |
| സമ്പൂർണ ശുചിത്വം | 1,177 | 0 | 1,177 | 0 | 1,177 |
| BMC ഫണ്ട് | 4,04,474 | 11,948 | 4,16,422 | 0 | 4,16,422 |
| നിർമ്മൽ പുരസ്കാരം | 2,50,000 | 0 | 2,50,000 | 0 | 2,50,000 |

കുറിപ്പ് : 1).മേൽ വിവരിച്ച വരവ് ചെലവുകൾ കൂടാതെ, ജനറൽ പർപ്പസ് ഫണ്ട് ഇനത്തിൽ തൻ വർഷം 2,32,18,953രൂപ വരവുണ്ട്.

2).വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ ബജറ്റ് അലോട്ട്മെന്റിന് പുറമേ 31/03/2022 ലെ സ.ഉ.(സാധാ) നം.2617/2022/ധന പ്രകാരം അധിക അലോട്ട്മെന്റ് മുൻവർഷം ചെലവഴിക്കാതെ ലാപ്സായ തുക ക്യാരി ഓവർ ചെയ്ത് ലഭിച്ചിട്ടുണ്ട്. വികസനഫണ്ട് ജനറലിൽ 821239രൂപയും, വികസനഫണ്ട് എസ് സിപിയിൽ 36729രൂപയും, ടിഎസ് പിയിൽ 56911രൂപയും, ഇപ്രകാരം ലഭിച്ചിട്ടുണ്ട്, കൂടാതെ മെയിന്റനൻസ് ഗ്രാന്റ്-Non Road ഫണ്ടിൽ നിന്ന് വോട്ടിങ്ങ് മെഷീൻ ചാർജായി 2020-21 വർഷം കുറവ് ചെയ്ത തുക 68900രൂപ തൻവർഷം 24/02/2022-ലെ സ.ഉ.(സാധാ) നം.1276/2022/ധന പ്രകാരം പ്രത്യേക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്.
ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫണ്ടുകളിൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി 07/10/2021 ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) .6591/2021/ഫിൻ പ്രകാരം മുൻവർഷം ലാപ്സായ തുക അധിക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്.

3).തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ വേതനം, സാധന സാമഗ്രികളുടെ വില എന്നീയിനങ്ങളിൽ 2021-22 വർഷം 3,75,83,175 രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഈ തുക അടക്കമുള്ള വരവ് ചെലവുകളാണ് മേൽ പട്ടികയിൽ ഉള്ളത്.

1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 209 | 133511929 | 175 | 88554912 | - | 34 | 83.73 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2021-22വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2021-22 വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 31 | 9639665 | 27 | 7964317 | 82 |

| | | | | | | |
|---|---|---|---|---|---|---|
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 11 | 1679648 | 11 | 1529571 | 91 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 88 | 45548481 | 60 | 26461671 | 58 |
| 4 | കൃഷി ഓഫീസർ | 13 | 9064169 | 13 | 7817938 | 86 |
| 5 | വെറ്റിനറി സർജ്ജൻ | 12 | 4601680 | 12 | 3682266 | 80 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 18 | 43368930 | 16 | 23092470 | 53 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 9543032 | 5 | 9183567 | 96 |
| 8 | പ്രധാനധ്യാപകൻ | 11 | 2708652 | 11 | 2684714 | 99 |
| 9 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 3 | 948526 | 3 | 948526 | 100 |
| 10 | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | 7 | 3210000 | 7 | 3114102 | 97 |
| 11 | മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 399146 | 2 | 399146 | 100 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1000000 | 1 | 1000000 | 100 |
| 13 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 7 | 1800000 | 7 | 676624 | 37 |
| | ആകെ | 209 | 133511929 | 175 | 88554912 | 66.32% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 13897 | 883642 | 897539 | 897537 | 2 |
| വേതനം , സാധനസാമഗ്രികളുടെ വില എന്നീയിനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 37582915 | 37582915 | 37582915 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | 13897 | 38466557 | 38480454 | 38480452 | 2 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2021-22 വർഷം 1351 പദ്ധതികളുൾപ്പെടുന്ന 23.64 കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 304 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് . വിവിധ പദ്ധതികളിലായി ആകെ 109761 തൊഴിൽ ദിനങ്ങൾ തൻ വർഷം സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 610 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 7745600 | 493 |
| വിധവാപെൻഷൻ | 36764400 | 2340 |
| വാർദ്ധക്യകാലപെൻഷൻ | 39964000 | 2686 |
| വികലാംഗപെൻഷൻ | 10939200 | 704 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 1782400 | 113 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 420000 | 14 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17/10/2022 തീയ്യതിയിൽ 3.00 PM ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 29,343/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) ഗ്രാമ പഞ്ചായത്തിന്റെ വരുമാനങ്ങൾ, ചെലവുകൾ, ബാദ്ധ്യതകൾ, ആസ്തികൾ എന്നിവ ഉൾപ്പെടുന്നതും സാമ്പത്തികവർഷത്തെ ധനപരവും പ്രവർത്തനപരവുമായ ലക്ഷ്യങ്ങൾ വ്യക്തമാക്കുന്നതുമായ ബജറ്റ് അവതരിപ്പിക്കുകയും ചെലവുകൾക്ക് ബജറ്ററി നിയന്ത്രണം വരുത്തുകയും ചെയ്തിട്ടുണ്ട്.

2) ഐ.എൽ.ജി.എം.എസ് സംവിധാനം നിലവിൽ വന്നതിനാൽ ഫയൽ നീക്കങ്ങളിലുള്ള മോണിറ്ററിംഗിലും, സമയബന്ധിതമായി സേവനം നൽകുന്നതിലും പുരോഗതി ഉണ്ടായിട്ടുണ്ട്.

3) ഓഫീസ് മീറ്റീങ്ങ് - ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ച ചേർക്കുവാൻ സെക്രട്ടറി ബാധ്യസ്ഥനാണ്. 2021-22 വർഷം 09/04/2021, 29/9/2021, 15/11/2021, 11/01/2022, 02/02/2022, 25/03/2022എന്നീ തിയതികളിൽ മാത്രമാണ് ഓഫീസ് മീറ്റീങ്ങുകൾ ചേർന്നിട്ടുള്ളത്. ഓഫീസ് മീറ്റിങ്ങുകൾ കൃത്യമായ ഇടവേളകളിൽ നടത്തി ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ഉണ്ടാവേണ്ടതും ആയത് മോണിട്ടറിങ്ങ് നടത്തേണ്ടതുമാണ്.

4) ഭരണ സംവിധാനം

ഓഡിറ്റ് വർഷം ഭരണ സമിതി 25 തവണ യോഗം ചേർന്നിട്ടുണ്ട്. വികസനം, ക്ഷേമം , പൊതുമരാമത്ത് ,

ആരോഗ്യ വിദ്യാഭ്യസം , ധനകാര്യം , എന്നീ സ്റ്റാന്റിംഗ് കമ്മറ്റികളും ഗ്രാമ പഞ്ചായത്ത് ഭരണ നിർവ്വഹണത്തിൽ തങ്ങളുടെ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്കും, ജീവനക്കാർക്കും ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ, വിവര വ്യൂഹത്തിന്റെ പൂർണമാക്കൽ, പരിഷ്കരണം എന്നിവ നിരീക്ഷിക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. അത് ഉറപ്പ് വരുത്താൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതുണ്ട്. കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ162a-b1(i) പ്രകാരം ഓഫീസ് പ്രവർത്തനം, രേഖകളുടെ സൂക്ഷിപ്പ്, അക്കൗണ്ട്സ്, ഓഡിറ്റ് എന്നിവയുടെ മേൽനോട്ടച്ചുമതല ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കാണ്.

5) ഓഡിററ് മോണിറ്ററിംഗ് സമിതി ഓഡിറ്റ് വർഷം 27/4/2021, 26/7/2021, 25/11/2021, 31/01/2022, 25/2/2022 എന്നീ തിയതികളിൽ യോഗം ചേർന്നിട്ടുണ്ട്.

6) കുടിശ്ശിക ഓഡിറ്റ് ഓഡിറ്റ് റിപ്പോർട്ടുകൾക്ക് മറുപടി ലഭ്യമാക്കുന്നതിനും, അവ തീർപ്പാക്കുന്നതിനും ഗ്രാമ പഞ്ചായത്ത് ശ്രദ്ധേയമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ മറുപടികൾ പരിശോധിച്ച് 15 ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കിയിട്ടുണ്ട്. കൂടാതെ തീർപ്പുകൽപ്പിക്കുവനുള്ള പരാമർശങ്ങളുടെ എണ്ണം ഗണ്യമായി കുറയ്ക്കുവാനും ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

7) പ്രൊക്യൂർമെന്റ് കമ്മിറ്റി 15/7/2021, 02/9/2021, 28/10/2021, 17/11/2021, 20/12/2021, 07/02/2022, 08/03/2022, 08/03/2022, 19/03/2022, തിയതികളിൽ യോഗം ചേർന്നിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ വാങ്ങൽ നടപടികൾ സമിതിയുടെ അനുമതിയോടെ തന്നെയാണ് നടപ്പിലാക്കുന്നത്

8) സമ്പൂർണ്ണവും കുറ്റമറ്റതുമായ ഡിജിറ്റൽ ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിൽ പൂർണ്ണതയിൽ എത്താൻ സാധിച്ചിട്ടില്ല.

9) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ട്രഷറി, ബാങ്ക് അക്കൗണ്ടുകളിലെ വരവ് ചെലവ് തുകകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്.

10) ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് കാലികമാക്കിയിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്ററിൽ 2021-22 വർഷത്തെ വർഷാന്ത്യ സംഗ്രഹം രേഖപ്പെടുത്തിയിട്ടില്ല.

11) പൊതു ടാപ്പുകളുടേയും, തെരുവ് വിളക്കുകളുടേയും ചാർജ്ജിനത്തിൽ ഭീമമായ തുക ഗ്രാമ പഞ്ചായത്ത് ഒടുക്കുന്നുണ്ടെങ്കിലും, സംയുക്ത പരിശോധന നടത്തി അതനുസരിച്ച് പ്രതിമാസ ചാർജ്ജ് ക്രമപ്പെടുത്തിയിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

12) ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയത്വം പാലിച്ച് കാര്യക്ഷമമായി നിർവ്വഹിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നതിനും, സാമ്പത്തിക വികസനവും സാമൂഹിക നീതിയും ലക്ഷ്യമാക്കി ഗ്രാമ പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണത്തിന്റെയും വിഭവ വിനിയോഗത്തിന്റെയും ഫലപ്രാപ്തി ഉറപ്പാക്കുവാനും, കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കി അപ്രകാരമുള്ള നിയന്ത്രണങ്ങൾ നിരന്തരം അവലോകനം ചെയ്ത് ഉചിതമായി പരിഷ്കരിക്കുവാനും ഭരണ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കണം.

### 1-10 വാടകയിനത്തിൽ വൻകുടിശ്ശിക

പള്ളിക്കര ഗ്രാമപഞ്ചായത്തിന്റെ 2021-22വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ചുവടെ ചേർത്ത സ്ഥാപനങ്ങൾ വാടക കുടിശ്ശിക വരുത്തിയിട്ടുള്ളതായി കാണുന്നു.

(കുറിപ്പ് :- സ.ഉ.(കൈ) നം.261/2021/ത.സ്വ.ഭ.വ തീയതി:06.11.2021 പ്രകാരം 2021 ജൂലൈ മുതൽ 2021 ഡിസംബർ 31 വരെയുള്ള കാലയളവിലേക്ക് വാടക ഇളവ് നൽകിയിട്ടുണ്ട്)

| ക്രമ നം. | വാടക രജിസ്റ്ററിലെ ക്രമ നം. | റൂം നം. | വാടകക്കാരന്റെ പേര് | മാസവാടക | ഒരു വർഷത്തേക്ക് ആകെ വാടക | ഈടാക്കിയ വാടക | കുറവ് |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | 1 | XIII-457A | സി.എച്ച്.മുഹമ്മദ് ഫൈസൽ | 3702 | 3702x6=22,212 | 0 | 22,212 |
| 2 | 2 | XIII-457B | ടി.ഇബ്രാഹിം | 3206 | 3206x6=19,236 | 0 | 19,236 |
| 3 | 3 | XIII-457C | ടി.ഇബ്രാഹിം | 3217 | 3217x6=19,302 | 0 | 19,302 |
| 4 | 4 | XIII-457D | ടി.ഇബ്രാഹിം | 3206 | 3206x6=19,236 | 0 | 19,236 |
| 5 | 5 | XIII-457E | ടി.ഇബ്രാഹിം | 3206 | 3206x6=19,236 | 0 | 19,236 |
| 6 | 6 | XIII-457F | മുഹമ്മമദ്കുഞ്ഞി അബ്ബാസ് | 3193 | 3193x6=19,158 | 0 | 19,158 |
| | | ആകെ | | | | | 1,18,380 |

മേൽ പട്ടികയിൽ വിശദീകരിച്ചതു പോലെ 2021-2022 വർഷത്തിൽ 1,18,380/- രൂപ വാടക കുടിശ്ശിക വരുത്തിയിട്ടുണ്ട് . ഇതു കൂടാതെ 2021 മാർച്ച് വരെയുള്ള കുടിശ്ശിക 1,81,708/- രൂപയും പിരിച്ചെടുക്കാൻ ബാക്കിയുള്ളതായി കാണുന്നു. (ആകെ 118380+181708=3,00,088/-രൂപ) ഇത്രയും വലിയ തുക വാടകയിനത്തിൽ കുടിശ്ശിക വരാനുണ്ടായ കാരണം വിശദീകരിക്കണമെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.11/19.10.2022) മറുപടി ലഭ്യമാക്കിയില്ല. വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും ഓഡിറ്റിനെ വിവരം അറിയിക്കുകയും ചെയ്യേണ്ടതാണ്.

1-11 വസ്തു നികുതി വിജ്ഞാപന ഭേദഗതി നടപ്പിൽ വരുത്തിയില്ല.

സ ഉ(അ) 36/2015/തസ്വഭവ തിയതി 24/02/2015 പ്രകാരം വസ്തു നികുതി നിർണ്ണയത്തിന് ബാധകമായ കെട്ടിടങ്ങളുടെ ഗണത്തിൽ 1) സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ, 2)വിദ്യഭ്യാസ സ്ഥാപനത്തിന്റെ കോമ്പൌണ്ടിൽ വരുന്നതും അതിന്റെ ആവശ്യങ്ങൾക്ക് മാത്രമുള്ളതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് എന്നിവക്ക് ഉറപ്പിന്റെ (അണ്ടർടൈക്കിംഗ്) അടിസ്ഥാനത്തിൽ നിരക്ക്, 3) മൈക്രോ സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ്,ഡവലപ്പ്മെന്റ് ആക്റ്റ്, 2006 (2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ 4) ആയുർവേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ എന്നിവയും കൂടി ഉൾപ്പെടുത്തി ഭേദഗതി വിജ്ഞാപനം ചെയ്തിട്ടിണ്ട്.

ഗ്രാമപഞ്ചായത്തിൽമേൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള ഭേദഗതി നടപ്പിൽ വരുത്തിയതിന്റെ രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/19-10-22) ഗ്രാമപഞ്ചായത്തിൽ ഭേദഗതി നടപ്പിൽ വരുത്തിയിട്ടില്ല എന്നാണ് അറിയിച്ചത്.

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി വിജ്ഞാപനം നടപ്പിൽ വരുത്തിയതിന്റെയും കൂടാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളുടെ വസ്തുനികുതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുനർനിർണ്ണയിച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-12 അനധികൃത നിർമ്മാണങ്ങളും - രജിസ്റ്ററുകളുടെ സൂക്ഷിപ്പും.

A).അൺഓതറൈസ്ഡ് (യു.എ)ബിൽഡിങ്ങ് രജിസ്റ്റർ കാലികമാക്കി എഴുതി സൂക്ഷിച്ചിട്ടില്ല .

തദ്ദേശ സ്വയംഭരണ (ആർ.എ) വകുപ്പിന്റെ 19.05.2014 ലെ 29342/ആർ.എ1/ത.സ്വ.ഭ.വ സർക്കുലർ

പ്രകാരം അനധികൃത നിർമ്മാണത്തെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സൂക്ഷിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന അൺ ഓതറൈസഡ് (യു.എ) രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. യു.എ രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടപ്പോൾ കാലികമാക്കി എഴുതി സൂക്ഷിക്കുന്നില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം യു.എ നമ്പരിൽ ആകെ 39 കെട്ടിടങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം അനധികൃത കെട്ടിടങ്ങളുടെ എണ്ണം |
|---|---|
| 1 | 5 |
| 4 | 1 |
| 5 | 1 |
| 7 | 1 |
| 8 | 4 |
| 9 | 4 |
| 10 | 4 |
| 11 | 3 |
| 14 | 1 |
| 15 | 1 |
| 16 | 3 |
| 20 | 1 |
| 22 | 10 |
| ആകെ | 39 |

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 235എഎ- നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് നികുതി ഈടാക്കൽ-(1) ഈ ആക്ടിലോ അതിൻ കീഴിലോ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ, അയാൾക്കെതിരെ സ്വീകരിക്കാവുന്ന നടപടിക്ക് ഹാനി കൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ അത് 203-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ, ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ, പ്രസ്തുത കെട്ടിടം നിയമാനുസൃതമായി

നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, വസ്തുനികുതിയായി നൽകുവാൻ ആയാൾ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

യു.എ രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ നിലവിലുള്ള നിയമാനുസൃതമല്ലാതെ നിർമ്മിച്ച എല്ലാ കെട്ടിടങ്ങളും സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളുടെ വിശദ വിവരം യു.എ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ആയതുകൊണ്ട് യു.എ രജിസ്റ്റർ കാലികമായി എഴുതി സൂക്ഷിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-13 നാഷണൽ ഹൈവേ കൺസ്ട്രക്ഷൻ പ്രൊജക്ട് -കരാർ കമ്പനിയുടെ കെട്ടിട നിർമ്മാണം- അനുമതി ലഭിക്കാതെ നിർമ്മാണം പൂർത്തിയാക്കി.

ഫയൽ നം 1485/17.02.2022 (1610704).

നാഷണൽ ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട നിർമ്മാണ കരാർ നേടിയ മേഘ എഞ്ചിനീയറിംഗ്& ഇൻഫ്രാസ്ട്രക്ച്ചർ എന്ന സ്ഥാപനം പള്ളിക്കര ഗ്രാമപഞ്ചായത്തിലെ പനയാൽ വില്ലേജിൽപ്പെട്ട റി.സ.നം 14/4, 15/1, 16/1, 14/3A, 14/3C, 14/3D, 14/5, 16/1, 16/2- സ്ഥലത്ത് വിവിധ വിനിയോഗങ്ങളിലുള്ള പതിനാറ് താല്കാലിക കെട്ടിടങ്ങളും രണ്ട് ബാറ്റ്ച്ചിംഗ് യൂണിറ്റും നിർമ്മിക്കുന്നതിന് അനുമതിക്കായി അപേക്ഷിച്ചിരുന്നു. നിർമ്മാണ അനുമതിക്കായി നല്കിയ കെട്ടിട വിവരങ്ങൾ താഴെ കൊടുക്കുന്നു,

| Sl.No | കെട്ടിട വിവരം | കെട്ടിടവിസ്തീർണം |
|---|---|---|
| 1 | ബിൽഡിംഗ് നമ്പർ-1 (A2) | 530.64 M2 |
| 2 | ബിൽഡിംഗ് നമ്പർ-2 (A2) | 534.60 M2 |
| 3 | ബിൽഡിംഗ് നമ്പർ-3 (A2) | 576.55 M2 |
| 4 | ബിൽഡിംഗ് നമ്പർ-4 (A2) | 576.55 M2 |
| 5 | ബിൽഡിംഗ് നമ്പർ-5 (Toilet) | 55.32 M2 |
| 6 | ബിൽഡിംഗ് നമ്പർ-6 (A2) | 539.34 M2 |
| 7 | ബിൽഡിംഗ് നമ്പർ-7 (A2) | 576.55 M2 |
| 8 | ബിൽഡിംഗ് നമ്പർ-8 (E)- ഓഫീസ് കെട്ടിടം | 321.88 M2 |
| 9 | ബിൽഡിംഗ് നമ്പർ-9 (A2) | 283.08 M2 |
| 10 | ബിൽഡിംഗ് നമ്പർ-10 (H)സ്റ്റോറേജ് കെട്ടിടം | 283.08 M2 |

| | | |
|---|---|---|
| 11 | ബിൽഡിംഗ് നമ്പർ-11 (H) | 583.26 M2 |
| 12 | ബിൽഡിംഗ് നമ്പർ-12 (A2) | 339 M2 |
| 13 | ബിൽഡിംഗ് നമ്പർ-13 (H)സ്റ്റോറേജ് കെട്ടിടം | 996 M2 |
| 14 | ബിൽഡിംഗ് നമ്പർ-14 (H)സ്റ്റോറേജ് കെട്ടിടം | 271 M2 |
| 16 | ബിൽഡിംഗ് നമ്പർ-15 (A2 , Toilet) | 32.70 M2 |
| 16 | ബിൽഡിംഗ് നമ്പർ-16 (A2,Toilet) | 32.70 M2 |

മേൽ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് താഴെ കൊടുക്കുന്നവയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്,

1).മേൽ അനുമതി ലഭിക്കുന്നതിനു മുമ്പേ തന്നെ മേൽ സ്ഥാപനം കെട്ടിട നിർമ്മാണം പൂർത്തിയാക്കിയതായി തുടർ രേഖകൾ പരിശോധിച്ചപ്പോൾ കാണുന്നു, നിർമ്മാണം പൂർത്തിയാക്കിയ വിവരം കെട്ടിടയുടമസ്ഥർ ഗ്രാമപഞ്ചായത്തിനെ അറിയിച്ചതായി കാണുന്നില്ല. അനുമതിയില്ലാതെ കെട്ടിടനിർമ്മാണം പൂർത്തിയാക്കിയ സ്ഥാപനത്തിനെതിരെ യാതൊരു നടപടിയും ഓഡിറ്റ് തീയ്യതി വരെ സ്വീകരിച്ചതായി കാണുന്നില്ല. ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

2).മേൽ കെട്ടിടത്തിന്റെ നിർമ്മാണ അപേക്ഷ പരിശോധിച്ച ഗ്രാമ പഞ്ചായത്ത് അസി.എഞ്ചിനീയർ 12 അപാകതകൾ രേഖപ്പെടുത്തിയതായി കാണുന്നു, ആയത് പരിഹരിക്കപ്പെട്ടിട്ടില്ല.

3).പൊല്യൂഷൻ കൺട്രോൾ ബോർഡ്, ടൗൺ പ്ലാനിംഗ് വകുപ്പുകളിൽ നിന്നും അനുമതി ലഭ്യമായതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

4).ഇതേ സ്ഥലത്ത് തന്നെ പെട്രോൾ പമ്പ് നടത്തിപ്പിന് വേണ്ടി ഗ്രാമപഞ്ചായത്ത് അനുമതി നല്കിയതായി കാണുന്നു, ആയതിന് ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ അംഗീകാരവും ലഭിച്ചിട്ടുണ്ട്. അനുമതിയില്ലാതെ നിർമ്മിച്ച കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പെട്രോൾ പമ്പിന് ഗ്രാമപഞ്ചായത്ത് തന്നെ പ്രവർത്തനാനുമതി നല്കിയതിന്റെ കാരണവും വ്യക്തമാക്കേണ്ടതാണ്.

### 1-14 പൊതു ടാപ്പ് - കുടിവെള്ള ചാർജ്ജ് കുടിശ്ശിക- പിഴ ഇനത്തിൽ വൻ തുക ഒടുക്കുവാനവശേഷിക്കുന്നു.

ഗ്രാമ പഞ്ചായത്തിലെ 189 പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 2021-22 വർഷം 10,41,960/- രൂപ കേരള ജല അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. ജല അതോറിറ്റിയിൽ നിന്നും ലഭ്യമാകുന്ന പ്രതിമാസ ഡിമാന്റ് നോട്ടീസുകളിൽ ഭീമമായ തുക കുടിശ്ശികയായി ഉൾപ്പെട്ടുകാണുന്നുണ്ടെങ്കിലും കുടിശ്ശിക തുക ഒടുക്കാതെ ഒരോ മാസത്തേയും ബിൽ തുക മാത്രമാണ് ഗ്രാമ പഞ്ചായത്ത് ഒടുക്കിവരുന്നത് . കുടിശ്ശിക തുകയുടെ വിശദാംശം ഗ്രാമ പഞ്ചായത്തിൽ നിന്നും ആവശ്യപ്പെട്ടതനുസരിച്ച് കേരള ജല അതോറിറ്റിയിൽ നിന്നും ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പരിശോധിച്ച് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ജല അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയ 18/06/2022 ലെ എസ്.സി1/10026/2021 നമ്പർ കത്ത് പ്രകാരം 3/2022 ലെ കുടിശ്ശിക തുകയായ 11,27,962/- രൂപയിൽ 8,26,531 രൂപയും പിഴയിനത്തിൽ ചുമത്തിയിട്ടുള്ള തുകയാണ് എന്ന് പരാമർശിച്ചിട്ടുണ്ട്. അവശേഷിച്ച 3,01,431 രൂപ 9/2016 മുതൽ 10/2018 വരെയുള്ള കാലയളവിൽ ഡിമാന്റ് തുകയ്ക്കനുസൃതമായി വെള്ളക്കരം ഒടുക്കാതിരുന്നത് മൂലമുണ്ടായ കുടിശ്ശികയാണെന്നും പ്രസ്തുത കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. 2018 ഒക്ടോബർ മാസം ആകെയുണ്ടായിരുന്ന കുടിശ്ശിക 4,88791

രൂപയായിരുന്നത് തുടർന്നുള്ള മാസങ്ങളിൽ തുടർച്ചയായി പിഴ ചുമത്തപ്പെട്ടതിനെ തുടർന്ന് 2022 മാർച്ച് മാസം എത്തിയപ്പോൾ കുടിശ്ശിക തുക 11,27,962/- രൂപയായി വർദ്ധിക്കുന്ന സാഹചര്യമുണ്ടായി. ജല അതോറിറ്റി അധികൃതർ നൽകുന്ന ഡിമാന്റ് നോട്ടീസിലെ വ്യതിയാനങ്ങൾ യഥാസമയം അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തി ഒടുക്കേണ്ട കുടിവെള്ള ചാർജ്ജ് ക്രമീകരിക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് അധികൃതരുടെ ഭാഗത്തു നിന്നും വിഴ്ചയുണ്ടായിട്ടുണ്ട്.

കുടിശ്ശിക തുക ഒടുക്കുന്നത് സംബന്ധിച്ച് 18/8/2022 ൽ കാസറഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയ കത്തിൽ , കുടിശ്ശിക ഒഴിവാക്കിത്തരുവാൻ ആവശ്യപ്പെട്ട് നൽകിയ കത്തിന് ജല അതോറിറ്റി അധികൃതർ മറുപടി നൽകിയിട്ടില്ലെന്നും , മറുപടി ലഭ്യമായതിനുശേഷം സർക്കാർ തീരുമാനത്തിന് വിധേയമായി മാത്രമേ തുക അടവാക്കുവാൻ സാധിക്കു എന്നും സൂചിപ്പിച്ചിട്ടുണ്ട്. നിലവിൽ ഓരോ മാസവും ചുമത്തുന്ന പിഴ സംഖ്യ വർദ്ധിച്ചുവരുന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ ഇക്കാര്യം ഉചിതമാർഗ്ഗേണ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പിഴ സംഖ്യ ഒഴിവാക്കിത്തരുന്നതിനുള്ള നടപടികൾ ഭരണ സമിതി തലത്തിൽ കൈക്കൊള്ളേണ്ടതാണ്.

ജല അതോറിറ്റിയുടെ കണക്ക് പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ 189 പൊതു ടാപ്പുകളാണ് നിലവിലുള്ളത്. എന്നാൽ ഇവയിൽ പലതും പ്രവർത്തനക്ഷമമല്ലയെന്ന് ഗ്രാമപഞ്ചായത്തധികൃതർ സൂചിപ്പിക്കുകയുണ്ടായി. ജല അതോറിറ്റി അധികൃതരുമായി സഹകരിച്ച് സംയുക്ത പരിശോധന നടത്തി പ്രവർത്തന രഹിതമായ മുഴുവൻ പൊതുടാപ്പുകളും ഒഴിവാക്കി കുടിവെള്ള ചാർജ്ജ് പുനഃക്രമീകരിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 ജലജീവൻ മിഷൻ - കുടിവെള്ള സൗകര്യം നിലവിലുള്ള ഘടക സ്ഥാപനങ്ങൾക്കും കുടിവെള്ള കണക്ഷൻ നൽകി - ഗ്രാമ പഞ്ചായത്തിന് ബാധ്യത

ഗ്രാമ പഞ്ചായത്തിലെ വിവിധ അങ്കണവാടികൾക്കും, സ്കൂളുകൾക്കും ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി കുടിവെള്ള കണക്ഷൻ നൽകിയിരുന്നു. കണക്ഷൻ ചെലവ് സൗജന്യമായിരുന്നുവെങ്കിലും തുടർന്ന 2021 ജൂൺ മാസം മുതൽ ഇവയുടെ കുടിവെള്ള ചാർജ്ജ് ഒടുക്കുവാനുള്ള ബില്ലുകൾ ഗ്രാമപഞ്ചായത്തിന് ലഭിച്ച് തുടങ്ങി. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടഞ്ഞ് കിടന്നിരുന്ന കാലയളവിലെ ബിൽ തുകകൾ ഒഴിവാക്കിത്തരണം എന്നാവശ്യപ്പെട്ട് ജല അതോറിറ്റി അധികൃതർക്ക് കത്തെഴുതിയിരുന്നുവെങ്കിലും തുടർമാസങ്ങളിലും ബില്ലുകൾ ലഭിച്ചതിനെ തുടർന്ന് കുടിവെള്ള സൗകര്യം നിലവിലുള്ള 9 അങ്കണവാടികളിലും, ഒരു സ്കൂളിലും നൽകിയ വാട്ടർ കണക്ഷൻ ഒഴിവാക്കിത്തരുവാൻ ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാന പ്രകാരം (25/9/2021 ലെ 12/1 & 9/2/2022 ലെ 16/22 നമ്പർ തീരുമാനങ്ങൾ) ജല അതോറിറ്റിയോട് ആവശ്യപ്പെട്ടുവെങ്കിലും ജല അതോറിറ്റി അധികൃതർ നൽകിയ മറുപടിയിൽ സ്കൂളുകൾക്കും , അങ്കണവാടികൾക്കും ശുദ്ധജലം നൽകുക എന്നത് സർക്കാർ നയത്തിന്റെ ഭാഗമാണെന്നും , സർക്കാർ തീരുമാനം ഇല്ലാതെ നൽകിയ കണക്ഷൻ ഒഴിവാക്കി നൽകാൻ ആവില്ലയെന്നുമാണ് അറിയിച്ചിട്ടുള്ളത്. (കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ 9/6/2022 ലെ ആർ1787/റവന്യൂ/ജനറൽ -നമ്പർ കത്ത്) . ഇതനുസരിച്ച് ഗ്രാമ പഞ്ചായത്ത് ജലവിഭവ വകുപ്പിന് അപേക്ഷ നൽകിയെങ്കിലും ഇക്കാര്യത്തിൽ ഇതുവരെ തീരുമാനം ആയിട്ടില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമ പഞ്ചായത്തിനായതിനാൽ പ്രസ്തുത സ്ഥാപനങ്ങളിൽ കുടിവെള്ള കണക്ഷൻ എടുക്കുന്നത് ഗ്രാമ പഞ്ചാത്തിന്റെ അനുമതി ആവശ്യമാണ്. ഗ്രാമ പഞ്ചായത്ത് കുടിവെള്ള കണക്ഷൻ ഒഴിവാക്കുവാൻ ആവശ്യപ്പെട്ട സ്ഥാപനങ്ങൾ കണക്ഷൻ എടുക്കുന്നതിന് മുമ്പ് ഗ്രാമ പഞ്ചായത്തിൽ നിന്നും അനുമതി വാങ്ങിയിരുന്നോ എന്ന് വ്യക്തമല്ല. ഭാവിയിൽ ഇത്തരം കണക്ഷനുകൾ എടുക്കുന്നതിന് മുമ്പ് ഗ്രാമ പഞ്ചായത്തിന്റെ അനുമതി വാങ്ങുവാൻ എല്ലാ ഘടക സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകേണ്ടതാണ്. ആവശ്യമില്ലാത്ത കുടിവെള്ള കണക്ഷനുകൾ ഒഴിവാക്കിത്തരുന്നതിന് ബന്ധപ്പെട്ട വകുപ്പിന് നിർദ്ദേശം നൽകുവാനായി ഇക്കാര്യം ഉചിതമാർഗ്ഗേണ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഭരണ സമിതി തലത്തിൽ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-16 തെരുവ് വിളക്കുകളുടെ എണ്ണം - കൃത്യമായ കണക്ക് ലഭ്യമല്ല

2021-22 വർഷം തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ് ഇനത്തിൽ 8,17,933/- രൂപ കെ.എസ്.ഇ.ബിയുടെ വിവിധ സെക്ഷനുകളിൽ ഗ്രാമ പഞ്ചായത്ത് ഒടുക്കിയിട്ടുണ്ട്. പരിശോധനയ്ക്ക് ലഭ്യമാക്കിയ തെരുവ് വിളക്ക് രജിസ്റ്ററിൽ ഓരോ മാസവും വിവിധ കൺസ്യൂമർ നമ്പറുകൾ പ്രകാരം ഒടുക്കുന്ന വൈദ്യുത ചാർജ്ജിന്റെ വിവരം മാത്രമാണ് രേഖപ്പെടുത്തിവരുന്നത്. ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ ഉൾപ്പടെയുള്ള വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. നിലവിൽ ഹൈമാസ്റ്റ് ലൈറ്റുകൾ ഉൾപ്പടെയുള്ള 39 കൺസ്യൂമർ നമ്പറുകളിലായാണ് തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ് ഗ്രാമ പഞ്ചായത്ത് ഒടുക്കിവരുന്നത്. നിലാവ് പദ്ധതിയുടെ ഭാഗമായി തെരുവ് വിളക്കുകൾ സംബന്ധിച്ച് സർവ്വേ നടത്തിയിരുന്നുവെങ്കിലും നിലവിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഉള്ള തെരുവ് വിളക്കുകളുടെ കൃത്യമായ വിവരം സർവ്വേ വിവരങ്ങളിൽ നിന്നും ലഭ്യമല്ല. തെരുവ് വിളക്ക് സ്ഥാപിക്കൽ, അറ്റകുറ്റപ്പണി എന്നിവയുമായി ബന്ധപ്പെട്ട് പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നിലവിലുള്ള തെരുവ് വിളക്കുകളുടെ വിശദാംശം വാർഡ് തിരിച്ച് സൂക്ഷിക്കുന്നത് സഹായകരമാകുന്നതാണ്. കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തിയശേഷം , ബന്ധപ്പെട്ട എം.പി, എം.എൽ.എ എന്നിവർ പ്രാദേശിക വികസന പദ്ധതി പ്രകാരം സ്ഥാപിക്കുന്നവയുൾപ്പടെയുള്ള മുഴുവൻ തെരുവ് വിളക്കുകളുടേയും വാർഡ് തിരിച്ചുള്ള വിവരങ്ങൾ, തെരുവ് വിളക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. കൂടാതെ ആവശ്യകത ഭരണ സമിതി തലത്തിൽ കൃത്യമായി വിലയിരുത്തിയ ശേഷം മാത്രം പുതുതായി തെരുവ് വിളക്കുകൾ സ്ഥാപിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-17 തെരുവ് നായ നിയന്ത്രണ പരിപാടി - ഗ്രാമ പഞ്ചായത്തിന് പ്രയോജനം ലഭിക്കുന്നില്ല.

തെരുവ് നായ നിയന്ത്രണ പദ്ധതിയുടെ (ABC Project) ഗ്രാമ പഞ്ചായത്ത് വിഹിതമിനത്തിൽ പ്രൊജക്ട് നമ്പർ 5/2022 പ്രകാരം 1,97,600/- രൂപ (ബിൽ നം.0636683/11.11.2021) കാസറഗോഡ് ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ഗ്രാമ പഞ്ചായത്തിന് നൽകിയ കത്തിൽ ഗ്രാമ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ നിന്നും തെരുവ് നായ്ക്കളെ പിടിച്ച് വന്ധ്യംകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. (25/5/2021 ലെ സി.എ.01/21 നമ്പർ കത്ത്). എന്നാൽ ഇതു പ്രകാരം സ്വീകരിച്ച നടപടികളുടെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മുൻ വർഷങ്ങളിൽ ഗ്രാമ പഞ്ചായത്ത് എ.ബി.സി പദ്ധതിയ്ക്കായി ജില്ലാ പഞ്ചായത്തിന് വിഹിതം കൈമാറിയിട്ടുണ്ടെങ്കിലും പദ്ധതി പ്രകാരമുള്ള പ്രയോജനം ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതുണ്ടതാണ്. പദ്ധതി നടത്തിപ്പ് പുരോഗതി സംബന്ധിച്ച്, നൽകിയ തുക മുഴുവൻ വിനിയോഗിച്ചതായുള്ള വിനിയോഗ സാക്ഷ്യപത്രം ജില്ലാ പഞ്ചായത്തിൽ നിന്നും നൽകുമെങ്കിലും ഗ്രാമ പഞ്ചായത്തിന് ലഭ്യമായ പ്രയോജനം സംബന്ധിച്ച ഭൗതിക നേട്ട റിപ്പോർട്ടുകളോ മറ്റ് വിശദാംശങ്ങളോ വിനിയോഗസാക്ഷ്യപത്രത്തിൽ ഉൾപ്പെട്ടുകാണാറില്ല. ഇക്കാര്യം പരിശോധിച്ച് നാളിതുവരെ പദ്ധതിയിക്കായി ജില്ലാ പഞ്ചായത്തിന് കൈമാറിയ തുകകൾ ഗ്രാമ പഞ്ചായത്തിന് പ്രയോജനപ്പെടുന്ന രീതിയിൽ വിനിയോഗിക്കപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിന് പ്രയോജനമൊന്നും ലഭ്യമായിട്ടില്ലെങ്കിൽ ഇക്കാര്യം ജില്ലാ പഞ്ചായത്തിനെ രേഖാമൂലം അറിയിച്ച് ഭരണ സമിതി തലത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-18 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള-സ്കോളർഷിപ്പ്- തുക അധികം നല്കി

പ്രോജക്ട് നം: 124/2021-22 -ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള-സ്കോളർഷിപ്പ്

| ഫണ്ടിനം | അടങ്കൽ | ചെലവ് തുക |
|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 3,54,300 | 3,54,300 |

| | | |
|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 6,07.700 | 4,64,755 |
| വികസനഫണ്ട് (സാധാ) | 16,54,300 | 16,54,300 |
| ആകെ | 26,16,300 | 24,73,355 |

നിർവ്വഹണം: ഐ.സി.ഡി.എസ്, സൂപ്പർവൈസർ

14.02.2018-ലെ സ.ഉ(കൈ)നം.22/2018/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകുന്ന സ്കോളർഷിപ്പിനും ബത്തയുംമുള്ള തുക നിർബന്ധമായും വകയിരുത്തേണ്ടതുണ്ട്. പ്രസ്തുത ഉത്തരവിലെ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക നമ്പർ 7.1.6 പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകേണ്ട സ്കോളർഷിപ്പ് തുകയുടെ നിരക്കുകൾ നൽകുകയും നിശ്ചിത നിരക്കുകൾ പ്രകാരം സ്കോളർഷിപ്പ് നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പും വാർഷിക ബത്തയും ഉൾപ്പെടെ ഏറ്റവും താഴ്ന്ന ക്ലാസ്സിൽ പഠിക്കുന്നവർക്ക് മിനിമം 5300 രൂപയ്ക്കും മാനസികവെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതി വർഷം 28,500 രൂപയ്ക്ക് വരെയും അർഹതയുണ്ട്. 2021-22 വർഷം നടപ്പിലാക്കിയ മേൽ പ്രൊജക്ടിൽ തൻ വർഷം വിതരണം ചെയ്യേണ്ട സ്കോളർഷിപ്പ് തുകയുടെ വിവരങ്ങൾ മാത്രമാണ് ഉൾകൊള്ളിച്ചിട്ടുള്ളത്. എന്നാൽ മാനസികവെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതി വർഷം 28,500 രൂപയാണ് നല്കേണ്ടത് എന്നിരിക്കെ ഒരു കുട്ടിക്ക് മാത്രം 51,500 രൂപ 2021-22 വർഷം മേൽ പ്രൊജക്ട് പ്രകാരം നല്കിയതായി കാണുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു,

| ഗുണഭോക്താവിന്റെ പേര് | സ്കോളർഷിപ്പായി നല്കിയ തുക | തുക കൈമാറിയ ബാങ്ക് അക്കൗണ്ട് നം | ബില്ല് നം/ചെക്ക് നം & തീയ്യതി |
|---|---|---|---|
| ആയിഷത്ത് നസീഫ | 5,500 | 42252200109567-കാനറ ബാങ്ക് | 13/27.03.2022(4,46,855 രൂപയുടെ ചെലവിലെ 5,500 രൂപ) |
| | 10,500 | 42252200109567-കാനറ ബാങ്ക് | ചെക്ക്നം5252735/10.01.22 (3,46,500 രൂപയുടെ ചെലവിലെ 10,500 രൂപ) |
| | 35,500 | 42252200109567-കാനറ ബാങ്ക് | 03/30.09.21(10,44,700 രൂപയുടെ ചെലവിലെ 35,500 രൂപ) |
| ആകെ | 51,500 | | |

തുക അധികം നല്കാനുണ്ടായ സാഹചര്യം വിശദമാക്കുവാൻ വേണ്ടി നല്കിയ ഓഡിറ്റ് എൻക്വയറി നം.08 തീയതി : 19.10.2022)-ന് മറുപടി നല്കിയിട്ടില്ല. മേൽ അപാകതയ്ക്ക് വിശദീകരണം നല്കേണ്ടതും അധികം തുക നല്കിയത് തുടർ വർഷങ്ങളിൽ ക്രമീകരിക്കേണ്ടതുമാണ്.

### 1-19 അംഗണവാടി പോഷകാഹാര വിതരണം- ഉത്തരവിന് വിരുദ്ധമായി ജി.എസ്.ടി ഈടാക്കി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അങ്കണവാടി പോഷകാഹാരം |
| പ്രോജക്ട് നമ്പർ | 123/2021-22 |

| | |
|---|---|
| അടങ്കൽ | 59,00,000/- |
| ചെലവ് | 56,83,552/- |
| നിർവഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

2021-22 വർഷത്തെ അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി അങ്കണവാടികളിൽ ഭക്ഷ്യധാന്യം വിതരണം ചെയ്തത് കാസർഗോഡ് ജില്ലാ ഹോൾസെയിൽ കോ-ഓപ്പറേറ്റീവ് സ്റ്റോർ ലിമിറ്റഡ് എന്ന സ്ഥാപനമാണ്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട 28.6.2017ലെ നോട്ടിഫിക്കേഷൻ നം 12/2017- Central Tax (Rate)ലെ ക്രമ നം. 66 ക്ലോസ് (B)(ii) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അംഗൻവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾക്ക് ജി.എസ്.ടി. പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021 നമ്പർ സർക്കുലറിൽ സർക്കാർ സഹായത്തോടെയോ സംഭാവനകൾ വഴിയായോ ഉള്ള, അംഗൻവാടികൾ ഉൾപ്പടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഭക്ഷണവിതരണ പരിപാടികൾക്ക് ജി.എസ്.ടി ബാധകമല്ല എന്ന കാര്യം സ്പഷ്ടീകരിച്ചിട്ടുണ്ട്. എന്നാൽ പള്ളിക്കര ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പോഷകാഹാര വിതരണപദ്ധതിയിലെ ഭക്ഷണസാധനങ്ങളുടെ ബില്ല് പരിശോധിച്ചതിൽ ഭക്ഷണസാധനങ്ങൾക്ക് ജി.എസ്.ടി ഈടാക്കിയതായി കാണുന്നു. വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നം | ബിൽ നം/ വൗച്ചർ നം | സാധനങ്ങളുടെ ഇൻവോയ്സ് നമ്പർ | ജി.എസ്.ടി. |
|---|---|---|---|
| 1 | ബില്ല് നം 01/തീ.30.06.2021 പ്രകാരമുള്ള 16,30,103 രൂപയിലെ ചെലവുകൾ | 5,38,475രൂപ (Invoice No HO.03തീ.08.04.2021 | 12,020.95 |
| 2 | | 4,49,603രൂപ (Invoice No HO.21 തീ.07.06.2021 | 11,764.93 |
| 3 | ബില്ല് നം 02/തീ.1.9.2021 പ്രകാരമുള്ള 9,18,913 രൂപയിലെ ചെലവുകൾ | 5,54,941രൂപ (Invoice No HO.46 തീ.03.08.2021 | 13,707.19 |
| 4 | വൗച്ചർ നം. 22100799/തീ.18.1.22 പ്രകാരമുള്ള 4,00,000 രൂപയിലെ 1,46,174 രൂപയുടെ ചെലവ് + വൗച്ചർ നം. 22100779/തീ.11.1.22 പ്രകാരമുള്ള 4,85,251 രൂപയുടെ ചെലവും | 6,13,933രൂപ (Invoice No HO.139 തീ.14.12.2021 | 14,967.27 |
| 5 | വൗച്ചർ നം. 22101067/തീ.15.3.22 പ്രകാരമുള്ള 5,59,218രൂപ | 533298രൂപ (Invoice No HO.183 തീ.17.02.2022 | 12,561.23 |
| ആകെ | | | 65,021,47 |

ബില്ലിൽ ജി.എസ്.ടി ഇനത്തിൽ വിലയ്ക്കൊപ്പം ഈടാക്കിയിരിക്കുന്ന തുക സർക്കാരിലേക്ക് അടവാക്കിയിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ല. ഈടാക്കിയ ജി.എസ്.ടി ഒടുക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. അങ്കണവാടി ഭക്ഷണവിതരണത്തിന് ബാധകമല്ലാത്ത ജി.എസ്.ടി

കൂടി ഉൾപ്പെട്ട തുക വിതരണ സ്ഥാപനത്തിന് നൽകിയത് മൂലം പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികച്ചെലവുണ്ടായിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021നമ്പർ സർക്കുലറിൽ അങ്കണവാടി പോഷകാഹാര വിതരണത്തെ 28/06/2017 ലെ ജി.എസ്.ടി നോട്ടിഫിക്കേഷൻ പ്രകാരം തന്നെ ജി.എസ്.ടി യിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുള്ളതിനാൽ മേൽ പ്രകാരം അധികച്ചെലവ് വന്നതിന് വിശദീകരണം ലഭ്യമാക്കാക്കേണ്ടതാണ്, കൂടാതെ ജി.എസ്.ടി തുക സർക്കാരിൽ ഒടുക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 9തീയതി : 19.10.2022).

1-20 ബംഗാഡ് വ്യവസായ കേന്ദ്രത്തിന് ചുറ്റുമതിൽ നിർമ്മാണം-ഉദുമ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിക്ക് തുക നൽകിയപ്പോൾ L1 കരാറുകാരൻ ക്വോട്ട് ചെയ്ത തുകയുടെ 10% അധികരിച്ച തുകയ്ക്ക് പരിമിതപ്പെടുത്തിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

11.08.2017-ലെ സ.ഉ(സാധാ) നം 2780/2017/തസ്വഭവ ഉത്തരവ് പ്രകാരം ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത പ്രൈവറ്റ് കോൺട്രാക്ടറേക്കാളും 10% അധിക നിരക്ക് ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് അനുവദിക്കാവുന്നതാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് ഉദുമ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി മുഖേന നിർവ്വഹണം നടത്തിയ ബംഗാഡ് വ്യവസായ കേന്ദ്രത്തിന് ചുറ്റുമതിൽ നിർമ്മാണം എന്ന പ്രവൃത്തിയിൽ L1 കരാറുകാരൻ ക്വോട്ട് ചെയ്ത തുകയുടെ 10% അധികരിച്ച തുകയ്ക്ക് പരിമിതപ്പെടുത്താത്തതിനാൽ 15,106/- രൂപയുടെ അധിക ചെലവ് ഗ്രാമ പഞ്ചായത്തിന് ഉണ്ടായിട്ടുണ്ട്. നഷ്ടം സമ്പന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിലെ ഖണ്ഡിക3-1ൽ ചേർത്തിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം. 7 തീ: 17.10.2022 ).

1-21 ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികൾകൾക്ക് TDS ആയി ജി.എസ്.ടി ഈടാക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ .

2021-2022 വർഷം ഗ്രാമ പഞ്ചായത്ത് നിർവഹണം നടത്തിയ മരാമത്ത് പ്രവൃത്തികൾക്ക് ആകെ അളവുമൂല്യത്തിന്റെ കൂടെ 12% ജി.എസ്.ടി ഘടകവും കൂട്ടി കരാറുകാർക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ റിപ്പാർട്ടിലെ അനുബന്ധം-6ൽ പരാമർശിക്കുന്നപ്രവൃത്തികളുടെ കരാറുകാരിൽ നിന്നും TDS ആയി ജി.എസ്.ടി ഈടാക്കിയിട്ടില്ല. അപാകത ശ്രദ്ധയിൽപെടുത്തുന്നു.

1-22 ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം തുടർന്നു

2021-22 വർഷം ഡെത്ത് രജിസ്ട്രേഷൻ ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ പ്രകാരം “സേവന” വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾക്ക് മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചതായും കാണുകയുണ്ടായി. 2021-22 വർഷത്തിൽ സമർപ്പിച്ച അപേക്ഷയിൽ ആധാർ രേഖകൾ ലഭ്യമല്ലാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല. സ.ഉ.(എം എസ്)483/17 /ധന/06.11.17 ഖ XV പ്രകാരം പെൻഷൻ വാങ്ങുന്നവർ എല്ലാവർഷവും ഡിസംബർ മാസം അക്ഷയ കേന്ദ്രങ്ങൾ മുഖാന്തിരം ജീവൻരേഖ സോഫ്റ്റ് വെയറിൽ മസ്റ്ററിംഗ് നടത്തേണ്ടതാണെന്നും അല്ലാത്തവർക്ക് അടുത്തഗഡു മുതൽ പെൻഷൻ അനുവദിക്കാവുന്നതല്ല എന്നതുമാണ് സർക്കാർ നിർദ്ദേശം. മേൽ നിർദ്ദേശം പാലിക്കാതെ മരണപ്പെട്ട ഗുണഭോക്താകൾക്ക് ചുവടെ ചേർത്തപ്രകാരം തുടർന്നും പെൻഷൻ തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | പേര് | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ | |
|---|---|---|---|---|---|
| | | | | മാസം | അനുവദിച്ച തുക |
| 1 | അൽത്താഫ് ഹസ്സൻ<br>(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 112020202937 | 26.03.2021 | 2021 ഏപ്രിൽ മുതൽ<br>2021 ഒക്ടോബർ വരെ | 1,600 X 7<br>11,200 |
| 2 | മുഹമ്മദ് എം<br>(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 112020201779 | 31.01.2021 | 2021 ഫെബ്രുവരി മുതൽ<br>2021 മാർച്ച് വരെ | 1,500 X 2<br>3,000 |
| | | | | 2021 ഏപ്രിൽ മുതൽ<br>2021 ഒക്ടോബർ വരെ | 1,600 X 7<br>11,200 |
| 3 | മുഹമ്മദ് ഷാഫി<br>(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 112020201563 | 16.04.2021 | 2021 മെയ് മുതൽ<br>2021 ഒക്ടോബർ വരെ | 1,600 X 6<br>9,600 |
| 4 | പി.നാരായണൻ.<br>(കർഷക തൊഴിലാളി പെൻഷൻ) | 112020100568 | 30.07.2021 | 2021 ഓഗസ്റ്റ് മുതൽ<br>2021 ഒക്ടോബർ വരെ | 1,600 X 3<br>4,800 |
| 5 | കുഞ്ഞാമ്മദ് ഹാജി<br>(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 112020200958 | 20.04.2021 | 2021 മെയ് മുതൽ<br>2021 ഒക്ടോബർ വരെ | 1,600 X 6<br>9,600 |
| 6 | ഇബ്രാഹിം<br>(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 112020201186 | 25.07.2021 | 2021 ഓഗസ്റ്റ് മുതൽ<br>2021 ഒക്ടോബർ വരെ | 1,600 X 3<br>4,800 |
| 7 | കെ. അബ്ബാസ്<br>(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 112020201564 | 18.07.2021 | 2021 ഓഗസ്റ്റ് മുതൽ<br>2021 ഒക്ടോബർ വരെ | 1,600 X 3<br>4,800 |
| 8 | മുഹമ്മദ് അലി.വി.പി | 112020200970 | 20.05.2021 | 2021 ജൂൺ മുതൽ | 1,600 X 5 |

| | | | | | |
|---|---|---|---|---|---|
| | (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | | | 2021 ഒക്ടോബർ വരെ | 8,000 |
| 9 | അലീമ<br>(ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ) | 112020602038 | 27.05.2021 | 2021 ജൂൺ മുതൽ<br>2021 ഒക്ടോബർ വരെ | 1,600 X 5<br>8,000 |
| 10 | കെ.ടി.അബ്ദുള്ള<br>(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 112020201974 | 28.04.2021 | 2021 മെയ് മുതൽ<br>2021 ഒക്ടോബർ വരെ | 1,600 X 6<br>9,600 |
| 11 | സരോജിനി<br>(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 112020202479 | 26.06.2021 | 2021 ജൂലായ് മുതൽ<br>2021 ഒക്ടോബർ വരെ | 1,600 X 4<br>6,400 |
| 12 | പാത്തുഞ്ഞി<br>(ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ) | 112020601273 | 20.06.2021 | 2021 ജൂലായ് മുതൽ<br>2021 ഒക്ടോബർ വരെ | 1,600 X 4<br>6,400 |
| 13 | ബീഫാത്തുമ്മ<br>(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 112020202709 | 11.07.2021 | 2021 ഓഗസ്റ്റ് മുതൽ<br>2021 ഒക്ടോബർ വരെ | 1,600 X 3<br>4,800 |
| 14 | മാധവി.പി<br>(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 112020202619 | 19.07.2021 | 2021 ഓഗസ്റ്റ് മുതൽ<br>2021 ഒക്ടോബർ വരെ | 1,600 X 3<br>4,800 |
| 15 | നാരായണൻ എമ്പ്രാന്തരി<br>(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 112020201893 | 28.08.2021 | 2021 സെപ്തംബർ മുതൽ<br>2021 നവംബർ വരെ | 1,600 X 3<br>4,800 |
| 16 | യൂസഫ്<br>(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 112020202558 | 23.11.2021 | 2021 ഡിസംബർ മുതൽ<br>2022 ജനവരി വരെ | 1,600 X 2<br>3,200 |
| | | | | ആകെ | 1,15,000 |

ധനകാര്യ വകുപ്പിന്റെ 26.07.18 ലെ സർക്കുലർ നമ്പർ 69/18 ൽ മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടെയും ആശാവർക്കർമാരുടെയും സഹായത്തോടെ ശേഖരിച്ച് മരണപ്പെട്ട വ്യക്തികളെ അതാതു മാസം തന്നെ സേവന സോഫ്റ്റ് വെയറിൽ നിന്നും ഉടനടി സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാറുകളെ അറിയിക്കാനും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യുകയെന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും ബന്ധപ്പെട്ട സെക്ഷൻ ക്ലർക്കിന്റെയും ചുമതലയാണ്. (സ.ഉ(പി) 97/20/ധന/23.9.20) ഖ. 13) മരണപ്പെട്ട ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം ചെയ്യുവാനുണ്ടായ സാഹചര്യം വിശദമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ.05/14.10.2022) ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കുകയുണ്ടായി. ഗുണഭോക്താക്കൾ മരണപ്പെടുന്ന വേളയിൽ

ഗ്രാമപഞ്ചായത്തിൽ തന്നെ മരണം രജിസ്റ്റർ ചെയ്യുന്ന കേസുകൾ ബന്ധപ്പെട്ട സെക്ഷനിൽ നിന്ന് ലഭ്യമാക്കി ആധാറുമായി ഒത്തുനോക്കി പരമാവധി യഥാസമയം തന്നെ പെൻഷൻ സസ്പെന്റ് ചെയ്ത് വരുന്നുണ്ടെന്നും, അധികമായി കൈപ്പറ്റിയ തുക എത്രയും പെട്ടെന്ന് തന്നെ തിരിച്ച് പിടിച്ച് ബന്ധപ്പെട്ട ഹെഡിൽ തിരിച്ചടച്ച് ഓഡിറ്റിന് യഥാസമയം അറിയിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കുകയുണ്ടായി. എന്നിരിന്നാലും സർക്കാർ മാർഗ്ഗനിർദേശങ്ങൾക്ക് വിരുദ്ധമായി സാമൂഹ്യസുരക്ഷ പെൻഷൻ ഇനത്തിൽ നൽകിയ തുകയായ1,15,000/-രൂപ തിരികെ ഈടാക്കി ഡി ബി ടി സെല്ലിലേക്ക് തിരിച്ചടച്ച് വിശദ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. 2021-22 വർഷത്തെ ഡെത്ത് രജിസ്ട്രേഷൻ രജിസ്റ്ററിൽ 186 മരണം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഡെത്ത് രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ സേവന പെൻഷൻ വിവരങ്ങളുമായി ഒത്തു നോക്കി, ഇപ്രകാരമുള്ള ആരെങ്കിലും പെൻഷൻ വാങ്ങിക്കൊണ്ടിരുന്നവരായിരുന്നുവെങ്കിൽ എത്രയും വേഗം പെൻഷൻ പട്ടികയിൽ നിന്നും ഒഴിവാക്കേണ്ടതും, മരണപ്പെട്ട ശേഷവും പ്രസ്തുത ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേയ്ക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ച് എത്രയും വേഗം മറുപടി ലഭ്യമാക്കേണ്ടതുമാണ്.

1-23 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകൽ പദ്ധതി അധിക തുക അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് നം. | SO118/22 |
| പ്രോജക്ടിന്റെ പേര് | ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറിഫാം ഇൻസ്ട്രക്ടർ |
| അടങ്കൽ | 10,00,000/-രൂപ<br>വികസന ഫണ്ട് ജനറൽ -6,00,000)<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം -1,00,000/-<br>ജില്ലാ പഞ്ചായത്ത് വിഹിതം - 3,00,000/- |
| ചെലവ് തുക | 10,00,000/-രൂപ |
| ബിൽ നമ്പർ / തീയതി | 01/21-22 തീയതി.23.10.2021. Rs.2,07,303/-<br>08/21-22 തീയതി.14.12.2021. Rs.1,33,140/- |

ഡയറി ഫാം ഇൻസ്ട്രക്ടർ 2021-22 സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയ ക്ഷീര സംഘങ്ങൾ മുഖേന

വിതരണം ചെയ്യുന്ന പാലിന് സബ്സിഡി (പ്രൊജക്റ്റ് നംS0118/22) എന്ന പദ്ധതി പ്രകാരം ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ നൽകുന്ന ഗ്രാമ പഞ്ചായത്തിലെ ക്ഷീരകർഷകർക്ക് 2021 ഏപ്രിൽ മുതൽ 2021 ഒക്ടോബർ വരെ പാൽ അളന്ന ക്ഷീരോൽപാദകർക്ക് (പരമാവധി 4/-രൂപ (ക്ഷീര വികസന വകുപ്പിന്റെ 1/-രൂപ ഉൾപ്പെടെ) ഒരു ലിറ്റർ പാലിന് 3 രൂപ വീതം ധനസഹായം അനുവദിച്ചിരുന്നു. ഓരോ ക്ഷീരകർഷകർക്കും ഒരു മാസത്തിൽ നൽകിയ പാലിന്റെ അളവ് ബന്ധപ്പെട്ട ക്ഷീര സഹകരണ സംഘങ്ങളിൽ നിന്നും ലഭ്യമാക്കി ആയത് ഡയറി ഫാം ഇൻസ്ട്രക്ടർ പരിശോധിച്ചാണ് ധനസഹായം അനുവദിക്കുന്നത്, സ.ഉ(കൈ)നം.22/2018/തസ്വഭവ, തീയതി 14.02.2018 ലെ സബ്സിഡി മാനദണ്ഡങ്ങളിൽ ഭേദഗതികളും കൂട്ടിച്ചേർക്കലുകളും അംഗീകരിച്ച ഉത്തരവ് പ്രകാരം പദ്ധതിക്കായി ഒരു കർഷകന് ഒരുവർഷത്തിൽ നൽകാവുന്ന പരമാവധി സബ്സിഡി തുക 40,000/-രൂപയാണ്. ഈ പദ്ധതി നടപ്പിലാക്കിയതിൽ അമ്പങ്ങാട് ക്ഷീര സഹകരണ സംഘത്തിലെ പാർവ്വതി എന്ന ക്ഷീരകർഷകയ്ക്ക് (അക്കൗണ്ട് നം.20179183911) പാൽ അളന്നതിന്റെ സബ്സിഡി തുക അനുവദിച്ചിരിക്കുന്നത് 41,571/-രൂപയാണ്. സബ്സിഡി തുക അധികമായി 1,571/-രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.ആയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | ക്ഷീര കർഷകന്റെ പേര്,ക്ഷീരസഹകരണ സംഘത്തിന്റെ പേര്, അക്കൗണ്ട് നം. | സ്റ്റേറ്റ്മെന്റ് പ്രകാരം പാൽ അളന്ന മാസം | സ്റ്റേറ്റ്മെന്റ് പ്രകാരംആകെ അളന്നപാലിന്റെ അളവ്,Rs.3/ltr | സ്റ്റേറ്റ്മെന്റ് പ്രകാരംആകെ അളന്നപാലിന്റെ തുകRs.3/ltr | ക്ഷീര കർഷകന്റെ അക്കൗണ്ടിലേക്ക് നൽകിയ തുക |
|---|---|---|---|---|---|
| 1 | പാർവ്വതി,അമ്പങ്ങാട് ക്ഷീര സഹകരണ സംഘം,(അക്കൗണ്ട് നം.20179183911) | ഏപ്രിൽ -2021 | 1308 X3 | 3,924 | 21222 |
| | | മെയ് -2021 | 1658 X 3 | 4,974 | |
| | | ജൂൺ -2021 | 2037 X 3 | 6,111 | |
| | | ജൂലായ് -2021 | 2071 X 3 | 6,213 | |
| | | ഓഗസ്റ്റ്- 2021 | 2070 X 3 | 6,210 | 20349 |
| | | സെപ്റ്റംബർ-2021 | 2279 X 3 | 6,837 | |
| | | ഒക്ടോബർ -2021 | 2434 X 3 | 7,302 | |
| | | ആകെ | 13857 X 3 | 41,571 | 41,571 |
| | | | | അധികം നൽകിയത് ( 41,571 – 40,000 = 1571) | |

മേൽ പറഞ്ഞ അമ്പങ്ങാട് ക്ഷീര സഹകരണ സംഘത്തിലെ ക്ഷീരകർഷകന് പാൽ അളന്നതിന് സബ്സിഡി തുക അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അധികമായി നൽകിയ 1,571/-രൂപ തിരിച്ചടക്കാനുള്ള നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.( ഓഡിറ്റ് എൻക്വയറി നമ്പർ.03 തീയ്യതി.13.10.2022)

1-24 ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

നിർവഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,

ലൈഫ് ഭവന പദ്ധതി-പൂർത്തീകരിക്കാത്ത ഭവനങ്ങൾ

ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന ലൈഫ് (രണ്ടാം ഘട്ടം,മൂന്നാം ഘട്ടം) ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം 26 ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുവാനും, നിർമ്മാണം പൂർത്തീകരിച്ചിട്ടും തുടർ ഗഡുക്കൾ നൽകാത്തവർക്ക് പ്രസ്തുത തുക ലഭ്യമാക്കുവാനും

ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.(യൂണിറ്റ് നിരക്ക് ജനറൽ ₹4,00,000/- എസ്.ടി ₹6,00,000/)

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| | ജനറൽ ഗുണഭോക്താക്കൾ | | |
| 1 | അമ്പിക W/o പവിത്രൻ | 3,60,000 | പൂർത്തീകരണ അനുബന്ധ പ്രവൃത്തികൾ |
| 2 | നാരായണി W/o രാഘവൻ | 3,60,000 | പൂർത്തീകരണ അനുബന്ധ പ്രവൃത്തികൾ |
| 3 | സുബൈദ കുട്ടക്കനി | 3,60,000 | പൂർത്തീകരണ അനുബന്ധ പ്രവൃത്തികൾ |
| 4 | കദീജ കെ.എൻ. W/o മജീദ് | 3,60,000 | പൂർത്തീകരണ അനുബന്ധ പ്രവൃത്തികൾ |
| 5 | ശ്രീജ.ടി.ജി | 3,60,000 | പൂർത്തീകരണ അനുബന്ധ പ്രവൃത്തികൾ |
| | എസ്.ടി.ഗുണഭോക്താക്കൾ | | |
| 6 | സുധ W/o മാധവൻ | 3,60,000 | പൂർത്തീകരണ അനുബന്ധ പ്രവൃത്തികൾ |
| 7 | പ്രസീത W/o ഗോപിനാഥൻ | 3,53,532 | പൂർത്തീകരണ അനുബന്ധ പ്രവൃത്തികൾ |
| 8 | നയന W/o രാജു | 3,60,000 | പൂർത്തീകരണ അനുബന്ധ പ്രവൃത്തികൾ |
| 9 | നാരായണി.എസ് W/o തമ്പാൻ | 3,60,000 | പൂർത്തീകരണ അനുബന്ധ പ്രവൃത്തികൾ |
| 10 | ഉഷ.എൻ W/o കുമാരൻ | 3,60,000 | പൂർത്തീകരണ അനുബന്ധ പ്രവൃത്തികൾ |
| 11 | കാർത്ത്യായണി W/o കുഞ്ഞിക്കണ്ണൻ | 3,60,000 | മേൽക്കൂര |
| 12 | സുജാത എം. W/o രതീശൻ | 3,60,000 | മേൽക്കൂര |

| | | | |
|---|---|---|---|
| 13 | ഗ്രീഷ്മ W/o ജനാർദ്ദനൻ | 3,60,000 | മേൽക്കൂര |
| 14 | ശ്യാമള W/o ജയൻ | 3,60,000 | മേൽക്കൂര |
| 15 | മീനാക്ഷി W/o സതീശൻ | 3,60,000 | മേൽക്കൂര |
| 16 | ബേബി W/o ഗണേശൻ | 3,60,000 | മേൽക്കൂര |
| 17 | ശോഭ W/o കൃഷ്ണൻ | 3,60,000 | മേൽക്കൂര |
| 18 | മാലതി W/o ചന്ദ്രൻ | 3,60,000 | മേൽക്കൂര |
| 19 | ശ്യാമ W/o വിനുകുമാർ | 3,60,000 | മേൽക്കൂര |
| | എസ്.സി.ഗുണഭോക്താക്കൾ | | |
| 20 | സുമതി D/o സജീവൻ | 3,60,000 | മേൽക്കൂര |
| 21 | വിനീത W/o ഷൈൻ | 3,60,000 | മേൽക്കൂര |
| 22 | നാരായണി W/o രാമചന്ദ്രൻ | 3,60,200 | മേൽക്കൂര |
| 23 | കമല W/o രാമചന്ദ്രൻ | 3,60,000 | മേൽക്കൂര |
| 24 | രോഹിണി W/o ലക്ഷ്മണൻ | 3,60,000 | മേൽക്കൂര |
| 25 | ഷൈജു.ടി.ജി S/o ബാബു.ടി.ജി | 3,60,000 | മേൽക്കൂര |
| 26 | ഉമാവതി | 3,00,000 | മേൽക്കൂര |

ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. (14.10.2022 ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.04)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ബംഗാഡ് വ്യവസായ കേന്ദ്രത്തിന് ചുറ്റുമതിൽ നിർമ്മാണം-ഉദുമ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിക്ക് തുക നൽകിയപ്പോൾ L1 കരാറുകാരൻ ക്വോട്ട് ചെയ്ത തുകയുടെ 10%

അധികരിച്ച തുകയ്ക്ക് പരിമിതപ്പെടുത്തിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

11.08.2017-ലെ സ.ഉ(സാധാ) നം 2780/2017/തസ്വഭവ ഉത്തരവ് പ്രകാരം ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത പ്രൈവറ്റ് കോൺട്രാക്ടറേക്കാളും 10% അധിക നിരക്ക് ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് അനുവദിക്കാവുന്നതാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് ഉദുമ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി മുഖേന നിർവ്വഹണം നടത്തിയ ബംഗാഡ് വ്യവസായ കേന്ദ്രത്തിന് ചുറ്റുമതിൽ നിർമ്മാണം എന്ന പ്രവൃത്തിയിൽ L1 കരാറുകാരൻ ക്വോട്ട് ചെയ്ത തുകയുടെ 10% അധികരിച്ച തുകയ്ക്ക് പരിമിതപ്പെടുത്താത്തതിനാൽ 15,106/- രൂപയുടെ അധിക ചെലവ് ഗ്രാമ പഞ്ചായത്തിന് ഉണ്ടായിട്ടുണ്ട്. പ്രവൃത്തി സംബന്ധിച്ച് വിശദ വിവരം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| പ്രൊജക്ട് നം. | എസ്.ഒ 244/20, 233/21 & 176/22 (ബംഗാഡ് വ്യവസായ കേന്ദ്രത്തിന് ചുറ്റുമതിൽ നിർമ്മാണം) | | |
| അടങ്കൽ | 10 ലക്ഷം രൂപ (തനത് ഫണ്ട്) | | |
| എസ്റ്റിമേറ്റ് | 10 ലക്ഷം രൂപ (EST NO: 2019/2422) | | |
| സാങ്കേതികാനുമതി | 10 ലക്ഷം രൂപ TSNo. 51891/2019-2020<br>(അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ, കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത്). | | |
| എം. ബുക്ക് നം. | 112/20-21 | | |
| ആകെ അളവ് മൂല്യം | ₹ 7,25,007/- | | |
| കരാറുകാരൻ | ഉദുമ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി | | |
| കരാറുകാരന് നൽകിയ തുകയുടെ വിവരം | ചെക്ക് നം, തീയതി. | ബിൽ തുക | കരാറുകാരന് നൽകിയ തുക |
| | നം XY-525422 തീയതി: 31.08.2021 | ₹ 8,12,008/- | ₹ 7,75,758/- |

ബംഗാഡ് വ്യവസായ കേന്ദ്രത്തിന് ചുറ്റുമതിൽ നിർമ്മാണം എന്ന പ്രവൃത്തിക്കായി 2019-2020 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് പദ്ധതി (പ്രൊജക്ട് നം 244/20) തയ്യാറാക്കിയിരുന്നു. ഗ്രാമ പഞ്ചായത്തിന്റെ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ DSR 2016 (Cost Indwx 32.04%) അടിസ്ഥാനമാക്കി പദ്ധതിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 10 ഇനം പ്രവൃത്തികളാണ് ഉള്ളത്. പ്രവൃത്തിയ്ക്കായി 20.11.2019 ന് 56/2019-20/AE/LSGD/PK/TN നമ്പർ നോട്ടിഫിക്കേഷൻ മുഖേന ടെണ്ടർ ക്ഷണിക്കുകയും ആയതിന്റെയടിസ്ഥാനത്തിൽ ചുവടെ പരാമർശിക്കുന്ന കരാറുകാർ ടെണ്ടർ സമർപ്പിച്ചിക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം | പേര് | ക്വോട്ട് ചെയ്ത തുക |
|---|---|---|
| 1 | ശ്രീ. മണികണ്ഠൻ പുല്ലായിക്കോടി | ₹ 730732.09 |
| 2 | ശ്രീ. മുഹമ്മദ് സിറാജുദീൻ.എം | ₹ 779692.20 |

| | | |
|---|---|---|
| 3 | ഉദ്ദമ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി | ₹ 811012.59 |
| 4 | ശ്രീ.ഷമീർ.എ | ₹ 724174.91 |
| 5 | ശ്രീ.എൻ.എ. അബ്ദുൾ ഖാദർ | ₹ 760349.82 |
| 6 | ശ്രീ. മുഹമ്മദ് ഷെറീഫ്. പി | ₹ 731800.89 |
| 7 | ശ്രീ. ഫസൽ റഹ്മാൻ. എം.കെ | ₹ 742440.77 |

പ്രവൃത്തിക്കായി മുളിൽ വിവരിച്ച പ്രകാരം കരാറുകാർ സമർപ്പിച്ച ടെണ്ടറുകൾ പരിശോധിച്ച് നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ 11.08.2017-ലെ സ.ഉ(സാധാ) നം 2780/2017 /തസ്വഭവ ഉത്തരവ് പ്രകാരം 10% പ്രൈസ് പ്രിഫറൻസ് അനുവദിച്ച് ഉദ്ദമ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിയുടെ ടെണ്ടർ അംഗീകരിക്കുന്നതിനായി ശുപാർശചെയ്യുകയും ആയതിന്റെയടിസ്ഥാനത്തിൽ 06.01.2020-ലെ പഞ്ചായത്ത് തീരുമാനം നം 24/04/2019 പ്രകാരം ബംഗാഡ് വ്യവസായ കേന്ദ്രത്തിന് ചുറ്റമതിൽ നിർമ്മാണം എന്ന പ്രവൃത്തിക്കായി ഉദ്ദമ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി സമർപ്പിച്ച ടെണ്ടർ ഭരണസമിതി അംഗീകരിച്ചു. തുടർന്ന് ഉദ്ദമ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി സെക്രട്ടറിയും നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറും പദ്ധതി നിർവ്വഹണം സമ്പന്ധിച്ച് കരാറുടമ്പടി ഒപ്പുവച്ചിട്ടുണ്ട് (AE/LSGD/PK/54/2019-2020 Dated 13.11.2020).

പ്രവൃത്തിയുടെ അളവുപുസ്തകം (എം ബുക്ക് നം 112/20-21, പേജ് നം 33 മുതൽ 43 വരെ) പ്രകാരം 7,25,007/-രൂപ അളവുമൂല്യം കണക്കാക്കി ചുവടെ ചേർത്ത പ്രകാരം ഉദ്ദമ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിക്കു നൽകിയിട്ടുണ്ട്.

| Item No | Description | Quantity | Rate | Amount |
|---|---|---|---|---|
| 1 | Earth Work In Excavation By Mechanical Means (Hydraulic Excavator) (Code 2.8.1) | 46.127 Cum | 50/cum | 2306.35 |
| 2 | Laterate Masonry With Neatly Dressed Laterate Stone Of Size 35 X 20x 20 Cm In CM 1:6 For Foundation And Basement (Code OD 272030/2018-2019) | 164.617 Cum | 4140/cum | 681514.38 |
| 3 | Providing And Laying In Position Cement Concrete Of Specified Grade Excluding The Cost Of Centering And Shuttering - All Work Up To Plinth Level (Code 1:4:8) | 0.098 Cum | 6500/cum | 637.00 |
| 4 | Providing And Laying In Position Specifeid Grade Reinforced Concrete Excluding The Cost Of Centering, Shuttering, Finishing And Reinforcement - All Work Up To Plinth Leve (Code 1:1.5:3) | 1.090 Cum | 700/cum | 763.00 |
| 5 | Centering And Shuttering Including Strutting, Propping Etc. And Removal Of Form Work For Columns, Piers, Abutments, Pillars, Posts And Struts (Code 4.3.3) | 4.440 Sqm | 400/sqm | 1776.00 |

| | | | | |
|---|---|---|---|---|
| 6 | Steel Reinforcement For R.C.C. Work Including Straightening, Cutting, Bending, Placing In Position And Binding All Complete Upto Plinth Level (Code 5.22.6) | 95.828 Kg | 50/Kg | 4791.40 |
| 7 | 12 Mm Cement Plaster Of Mix 1:4 ( Code 13.1.1) | 5.60 Sqm | 230/sqm | 1288.00 |
| 8 | Steel Work Welded In Built Up Sections/ Framed Work, Including Cutting, Hoisting, Fixing In Position And Applying A Priming Coat Of Approved Steel Primer Using Structural Steel Etc. As Required. In Gratings, Frames, Guard Bar, Ladder, Railings, Brackets, Gates And Similar Works. (Code 10.25.2) | 296.202 Kg | 100/Kg | 29620.20 |
| 9 | Painting With Synthetic Enamel Paint Of Approved Brand And Manufacture To Give An Even Shade : Two Or More Coats On New Work (Code 13.61.1) . | 10.40 Sqm | 126/sqm | 1310.40 |
| 10 | Lettering With Black Japan Paint Of Approved Brand And Manufacture (Code 13.71) | 1000.00 Nos Letter | 1.00/Nos Letter | 1000.00 |
| | Total | | | 7,25,006.73 |
| | Rounded To | | | 7,25,007/- |
| | (+) 12% GST | | | 87,001/- |
| | Grand Total | | | 8,12,008/- |
| | (-) Income Tax @ 2% | | | 14,500/- |
| | (-) CGST @ 1% | | | 7,250/- |
| | (-) SGST @ 1% | | | 7,250/- |
| | (-) KCWWF @ 1% | | | 7,250/- |
| | Net Amount Paid | | | 7,75,758/- |

11.08.2017-ലെ സ.ഉ(സാധാ) നം 2780/2017/തസ്വഭവ ഉത്തരവ് പ്രകാരം ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത പ്രൈവറ്റ് കോൺട്രാക്ടറേക്കാളും 10% അധിക നിരക്ക് ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് അനുവദിക്കാവുന്നതാണ്. ഈ പ്രവൃത്തിയ്ക്കായി ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത (L1 കരാറുകാരൻ) ശ്രീ.ഷമീർ.എ എന്ന കരാറുകാരനാണ്. ചുവടെ വിവരിക്കും പ്രകാരം L1 കരാറുകാരൻ ക്വോട്ട് ചെയ്ത തുകയുടെ 10% അധികരിച്ച തുകയ്ക്ക് പരിമിതപ്പെടുത്തിയാണ് ഉദ്ദമ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് നൽകേണ്ടിയിരുന്നത്.

| Item No | Description | Quantity | Rate | Amount |
|---|---|---|---|---|
| 1 | Earth Work In Excavation By Mechanical Means (Hydraulic Excavator) (Code 2.8.1) | 46.127 Cum | 175/cum | 8072.22 |
| 2 | Laterate Masonry With Neatly Dressed Laterate Stone Of Size 35 X 20x 20 Cm In CM 1:6 For Foundation And Basement (Code OD 272030/2018-2019) | 164.617 Cum | 3598/cum | 592291.97 |

| | | | | |
|---|---|---|---|---|
| 3 | Providing And Laying In Position Cement Concrete Of Specified Grade Excluding The Cost Of Centering And Shuttering - All Work Up To Plinth Level (Code 1:4:8) | 0.098 Cum | 4720/cum | 462.56 |
| 4 | Providing And Laying In Position Specifeid Grade Reinforced Concrete Excluding The Cost Of Centering, Shuttering, Finishing And Reinforcement - All Work Up To Plinth Leve 1:1.5:3 (Code 5.1.2) | 1.090 Cum | 6200/cum | 6758.00 |
| 5 | Centering And Shuttering Including Strutting, Propping Etc. And Removal Of Form Work For Columns, Piers, Abutments, Pillars, Posts And Struts (Code 4.3.3) | 4.440 Sqm | 490/sqm | 2175.60 |
| 6 | Steel Reinforcement For R.C.C. Work Including Straightening, Cutting, Bending, Placing In Position And Binding All Complete Upto Plinth Level (Code 5.22.6) | 95.828 Kg | 59/Kg | 5653.85 |
| 7 | 12 Mm Cement Plaster Of Mix 1:4 ( Code 13.1.1) | 5.60 Sqm | 185/sqm | 1036.00 |
| 8 | Steel Work Welded In Built Up Sections/ Framed Work, Including Cutting, Hoisting, Fixing In Position And Applying A Priming Coat Of Approved Steel Primer Using Structural Steel Etc. As Required. In Gratings, Frames, Guard Bar, Ladder, Railings, Brackets, Gates And Similar Works. (Code 10.25.2) | 296.202 Kg | 90/Kg | 26658.18 |
| 9 | Painting With Synthetic Enamel Paint Of Approved Brand And Manufacture To Give An Even Shade : Two Or More Coats On New Work (Code 13.61.1) . | 10.40 Sqm | 70/sqm | 728.00 |
| 10 | Lettering With Black Japan Paint Of Approved Brand And Manufacture (Code 13.71) | 1000.00 Nos Letter | 3.00/Nos Letter | 3000.00 |
| | Total | | | 6,46,836.38 |
| | Rounded To | | | 6,46,836/- |
| | (+) 10% Price Preference | | | 64,684/- |
| | Total | | | 7,11,520/- |
| | (+) 12% GST | | | 85,382/- |
| | Grand Total | | | 7,96,902/- |

ആയതിനാൽ ഈ പ്രവൃത്തിയ്ക്കായി ട്രഷറിയിൽ നിന്നും പിൻവലിക്കേണ്ടിയുന്നത് 7,96,902/-രൂപയാണ്, എന്നാൽ 8,12,008/-രൂപയാണ് ഉദ്ദമ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് നൽകുന്നതിനായി ട്രഷറിയിൽ നിന്നും പിൻവലിച്ചത്. ഇതുമൂലം 15,106/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്.

പദ്ധതി നിർവ്വഹണം സമ്പന്ധിച്ച് ഉദ്ദമ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി സെക്രട്ടറിയും നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറും തമ്മിൽ ഒപ്പുവച്ച കരാറുടമ്പടിയിൽ (AE/LSGD /PK/54/2019-2020 Dated 13.11.2020) 11.08.2017-ലെ സ.ഉ(സാധാ) നം 2780/2017/തസ്വഭവ ഉത്തരവ് പ്രകാരം പ്രവൃത്തിക്കായി L1 കരാറുകാരൻ ക്വോട്ട് ചെയ്ത തുകയുടെ 10% അധികരിച്ച തുകയ്ക്ക് പരിമിതപ്പെടുത്തി മാത്രമേ ഉദ്ദമ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് തുക

അനുവദിക്കുകയുള്ളൂ എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ എഗ്രിമെന്റ് ഷെഡ്യൂളിൽ രേഖപ്പെടുത്തിയ കരാർ തുകയിലും (Aggreed PAC) L1 കരാറുകാരൻ ക്വോട്ട് ചെയ്ത തുകയുടെ 10% അധികരിച്ച തുകയ്ക്ക് പരിമിതപ്പെടുത്തിയിട്ടില്ല. (എഗ്രിമെന്റ് ഷെഡ്യൂളിൽ രേഖപ്പെടുത്തിയ കരാർ തുക 8,11,012.59 രൂപയാണ്). ഇപ്രകാരം 10% പ്രൈസ് ഡിഫറൻസ് അനുവദിക്കുന്നത് സമ്പന്ധിച്ച് ഉദ്ദമ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിയുമായി വ്യക്തമായ ധാരണയില്ലാത്തതിനാൽ 15,106/- രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. ഈ തുക 10% പ്രൈസ് പ്രിഫറൻസ് അനുവദിച്ച് ഉദ്ദമ ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റിയുടെ ടെണ്ടർ അംഗീകരിക്കുന്നതിനായി ഭരണ സമിതിക്ക് ശുപാർശ നൽകുകയും സ്ഥാപനവുമായി കരാറുടമ്പടിയിൽ ഒപ്പുവച്ച അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാദ്ധ്യതയായി നിജപ്പെടുത്തുന്നു.

(പ്രവൃത്തിക്കായി ₹ 15,106/- അധികം ചെലവഴിച്ചതിന് വിശദീകരണം നല്കുവാൻ നിർവ്വഹണോദ്യോഗസ്ഥനോട് ഓഡിറ്റ് എൻക്വയറി നം.7 തീ: 17.10.2022 പ്രകാരം ആവശ്യപ്പെട്ടിരുതിന് മറുപടിയായി തുക കരാറുകാരനിൽ നിന്നും തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്).

## ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2021-22 | 12.10.2022 & 13.10.2022 | അനുബന്ധം 1 ൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട് |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 143378 | പ്രൊ.നം 204/22 ഹരിതം പള്ളിക്കര -നെൽകൃഷി വ്യാപനം | 143378 | 0 |
| | 2021-22 | 719955 | പ്രൊ.നം 24/22 ഹരിതം പള്ളിക്കര -നെൽകൃഷി വ്യാപനം | 719955 | 0 |
| | 2021-22 | 291600 | പ്രൊ.നം 136/22 ലൈഫ് ഭവന പദ്ധതി എസ്.ടി | 291600 | 0 |
| | 2021-22 | 354300 | പ്രൊ.നം 124/22 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 354300 | 0 |
| | 2021-22 | 100000 | പ്രൊ.നം.118/22 ക്ഷീര കർഷർക്ക് പാലിന് സബ്സിഡി | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 2026710 | പ്രൊ.നം.24/22 ഹരിതം പള്ളിക്കര -നെൽകൃഷി വ്യാപനം | 2026710 | 0 |
| | 2021-22 | 100000 | പ്രൊ.നം 2/22 പാലിയേറ്റീവ് പരിചരണം | 100000 | 0 |
| | 2021-22 | 1800000 | പ്രൊ.നം 136/22 ലൈഫ് ഭവന പദ്ധതി എസ്.ടി | 1800000 | 0 |
| | 2021-22 | 1100000 | പ്രൊ.നം 135/22 ലൈഫ് ഭവന പദ്ധതി എസ്.സി | 1100000 | 0 |
| | 2021-22 | 464755 | പ്രൊ.നം 124/22 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 464755 | 0 |
| | 2021-22 | 300000 | പ്രൊ.നം.118/22 ക്ഷീര കർഷർക്ക് പാലിന് സബ്സിഡി | 300000 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം /ബിൽ .നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പ്രൊ.നം.162/22 വിവിധ സ്ഥലങ്ങളിലെ ഇലക്ട്രിക് പോസ്റ്റുകൾ | 22100920/ 10/02/2022 | 17,660/- | 17,660/- | 0 |

| | | | | | |
|---|---|---|---|---|---|
| | മാറ്റി സ്ഥാപിക്കൽ | 22100924/ 14/02/2022 | 45,885/- | 45,885/- | 0 |
| | | 22101217/ 31/3/2022 | 17,292/- | 17,292/- | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-5 വായ്പാ/വായ്പാ തിരിച്ചടവ്

വായ്പാ ഇനത്തിൽ ലഭിച്ച തുകയുടെ വിവരവും വായ്പയിനത്തിലുള്ള തിരിച്ചടവിന്റെ വിവരവും

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ്നമ്പർ/ തീയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | GO(MS) 68/18 തീയതി18.05.2018, GO (MS) 100/18 തീയതി 30/07/18, GO (MS) 110/18 തീയതി 13/08/2018 | 2,71,49,325 | 2,05,04,658 + 11,50,000 (തൻ വർഷ വരവ്) = 2,16,54,658 | 25,81,333 | -- | 1,90,73,325 |
| ഇ.എം.എസ് ഭവനപദ്ധതി (പുതിയത്) | ജി.ഒ.(എം.എസ്) നമ്പർ 83/13/1540 തസ്വഭവ തീയതി 1.1.3.2013 | 1,47,80,000 | 87,80,000 | 1509818 | 990182 | 72,70,182/- |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 102/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2006-07 | 2-2(1) | 102/- | സെക്രട്ടറി , പള്ളിക്കര ഗ്രാമ പഞ്ചായത്ത് | 121170107014/ 15.01.2022 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99- | 39 | 1999-2000 | lv-80-എ | കമ്പ്യൂട്ടർ പരിശീലനം ഗുണഭോക്തൃ വിഹിതം | പ്രസ്തുത തടസ്സത്തിന് സർക്കാർ സാധൂകരണം നല്കിയിട്ടുണ്ട്. ഇക്കാര്യം സംസ്ഥാന ഓഡിറ്റ് വകുപ്പ് |

| | | | | | |
|---|---|---|---|---|---|
| | | | | പിരിക്കാത്തത് | ഡയറക്ടറെ ധരിപ്പിച്ചിട്ടുണ്ട്. നിയമ സഭ സമിതിയിൽ നിന്നും തുടർ നിർദ്ദേശങ്ങൾ പ്രതീക്ഷിക്കുന്നു<br>(LFAC 2006-08, 7മത് റിപ്പോർട്ട് ഖ.37) |
| 1998-99- | 41 | 1999-2000 | lv-80-ബി | വെറ്റിനറി സർജ്ജൻ നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച് | പദ്ധതിയ്ക്കായി അനുവദിച്ച തുകയുടെ ചെലവ് സംബന്ധിച്ച രേഖകൾ ഭാഗീകമായി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. വിവരം സംസ്ഥാന ഓഡിറ്റ് ഡയറക്ടറെ 04-01-2018 ന് ധരിപ്പിച്ചിട്ടുണ്ട്. ഇതിന്മേലുള്ള നടപടി വിശദീകരണ പത്രിക സൂക്ഷ്മ പരിശോധന റിപ്പോർട്ട് 26.11.2019 ന് ഡയറക്ടേറ്റിലേയ്ക്ക് അയച്ചിട്ടുണ്ട്.<br>(LFAC 2006-08, 7മത് റിപ്പോർട്ട് ഖ.42) |
| തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ നിഷ്ക്രിയാ സ്ഥികൾ അവലോകനം ( 2011-12,12-13 ഓഡിറ്റ് റിപ്പോർട്ട് ) | 3-5 | 2014-15 | 4-1-4 | ഖരമാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തന രഹിതം.ലോറി ഉപയോഗിക്കുന്നില്ല.<br>(പേജ്.25)<br>(തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ നിഷ്ക്രിയാ സ്ഥികൾ അവലോകനം) | ലഭ്യമാക്കിയ മറുപടി പരിശോധിച്ച്<br>നം: കെ..എസ്.എ/ കെ.എസ്.ഡി.11/965/ 2019. തീ:17-10-2019. പ്രകാരം വസ്തുതാ പരിശോധന റിപ്പോർട്ട് ഹെഡ്ഡോഫീസിലേക്ക് അയച്ചിട്ടുണ്ട്. |
| 2014-15 | 2-3 | 2016-17 | അധ്യായം.2<br>അനുബന്ധം4 | തൊഴിൽ നികുതി പരാമർശങ്ങൾ | പരാമർശം തുടരുന്നു |
| 2019-20 | 1-31 | 2020-21 | 1-3-2 | പാക്കം കുടിവെള്ള പദ്ധതി നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. | പരാമർശം തുടരുന്നു |
| 2019-20 | 1-6-4 | 2020-21 | 1-1<br>അനുബന്ധം 1 | സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം | പരാമർശം തുടരുന്നു. |
| 2019-20 | 1-39, &1-40 | 2020-21 | 1-2<br>അനുബന്ധം2 | മെഡിക്കൽ ഓഫീസർമാർ നിർവ്വഹണ<br>ഉദ്യാഗസ്ഥരായിട്ടുള്ള പദ്ധതികളിലെ ഓഡിറ്റ് കണ്ടെത്തലുകൾ | പരാമർശം തുടരുന്നു. |

4-9 ചാർജ്ജ്, സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക : ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക : ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹13,65,80,996/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹11,79,99,941/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ 15,106/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല. |

(ബി). ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | ---- | ₹ 15,106/- | ബാബുരാജൻ. എൻ.ഡി, അസിസ്റ്റന്റ് എഞ്ചിനീയർ. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | ഇല്ല | ഇല്ല |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബാബുരാജൻ. എൻ.ഡി, അസിസ്റ്റന്റ് എഞ്ചിനീയർ. | സേവനത്തിൽ നിന്നും വിരമിച്ചു. | നെല്ലിപറമ്പിൽ വീട്ടിൽ, കാറളം (പി.ഒ), തൃശ്ശൂർ-680711 |

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ-കെ.എസ്.ഡി 8/872/22(3) തീയതി 28.9.2022 | 2 |
| 2002-03 | കെ.എസ്.എ-കെ.എസ്.ഡി 8/872/22(6) തീയതി 28.9.2022 | 3 |
| 2005-06 | കെ.എസ്.എ-കെ.എസ്.ഡി 8/872/22(9) തീയതി 28.9.2022 | 1 |
| 2006-07 | കെ.എസ്.എ-കെ.എസ്.ഡി 8/872/22(10) തീയതി 28.9.2022 | 1 |
| 2007-08 | കെ.എസ്.എ-കെ.എസ്.ഡി 8/872/22(11) തീയതി 28.9.2022 | 1 |
| 2008-09 | കെ.എസ്.എ-കെ.എസ്.ഡി 8/872/22(12) തീയതി 28.9.2022 | 3 |
| 2009-10, 2010-11 | കെ.എസ്.എ-കെ.എസ്.ഡി 8/872/22(13) തീയതി 28.9.2022 | 1 |
| 2013-14 | കെ.എസ്.എ-കെ.എസ്.ഡി 8/872/22(15) തീയതി 28.9.2022 | 3 |
| 2014-15 | കെ.എസ്.എ-കെ.എസ്.ഡി 8/872/22(16) തീയതി 28.9.2022 | 5 |
| 2015-16 | കെ.എസ്.എ-കെ.എസ്.ഡി 8/872/22(17) തീയതി 28.9.2022 | 2 |
| 2016-17 | കെ.എസ്.എ-കെ.എസ്.ഡി 8/872/22(18) തീയതി 28.9.2022 | 6 |
| 2017-18 | കെ.എസ്.എ-കെ.എസ്.ഡി 8/872/22(19) തീയതി 28.9.2022 | 3 |
| 2018-19 | കെ.എസ്.എ-കെ.എസ്.ഡി 8/872/22(20) തീയതി 28.9.2022 | 6 |
| 2019-20 | KSA/KSD.5/220/2021 Dt. 27.03.2021 | 40 |
| 2020-21 | KSA/KSD.8/446/2022 Dt. 17.08.2022 | 32 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കാസർഗോഡ് ജില്ലയിലെ പള്ളിക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ പള്ളിക്കര ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

Pallikkara Grama Panchayat

RECEIPT & PAYMENT STATEMENT

For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 20865953.00 |
| Cash | Cash | RP-40(a) | 238660.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1577860.00 |
| 140000000 | Fees & User Charges | RP-4 | 1091763.00 |
| 150000000 | Sale & Hire Charges | RP-5 | 212119.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 80669608.00 |
| 171000000 | Interest Earned | RP-9 | 709450.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 27270419.00 |
| 350000000 | Other Liabilities | RP-36 | 44250.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 102.00 |
| 311000000 | Earmarked Funds | RP-29 | 43.00 |
| 330000000 | Secured Loans | RP-32 | 1150000.00 |
| 340000000 | Deposits Received | RP-34 | 19416.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 512925.00 |
| 410000000 | Fixed Assets | RP-38 | 102635.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 23205406.00 |
| 460000000 | Loans, Advances and Deposits | RP-47 | 15000.00 |
| | Grand total | | 157685609.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3735706.00 |
| 220000000 | Administrative Expenses | RP-12 | 1096843.00 |
| 230000000 | Operations & Maintenance | RP-13 | 2772126.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 12590153.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 40046669.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 3171469.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 988209.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 520000.00 |
| 255000000 | Maintenance Projects | RP-20 | 9261320.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 15095.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 556000.00 |
| 280000000 | Prior Period item | RP-26 | -19968.00 |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 260.00 |
| 350000000 | Other Liabilities | RP-36 | 12941830.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1428.00 |
| 280000000 | Prior Period Item | RP-26 | -35270.00 |
| 340000000 | Deposits Received | RP-34 | 80003.00 |
| 350000000 | Other Liabilities | RP-36 | 3890461.00 |
| 410000000 | Fixed Assets | RP-38 | 10662932.00 |
| 412000000 | Capital work in Progress | RP-40 | 47068.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 12603092.00 |
| 440000000 | Pre-paid Expenses | RP-45 | 1110000.00 |
| 460000000 | Loans, Advances and Deposits | RP-47 | 1964515.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 39685668.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 157685609.00 |

## അനുബന്ധം-4

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Pallikkara Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |

| | | | |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 10552394.00 |
| 130000000 | Rental Income from Panchayat / Municipal Properties | 1-3 | 251220.00 |
| 140000000 | Fee & User Charges | I-4(b) | 1247313.00 |
| 150000000 | Sale & Hire Charges | I-5(b) | 212119.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | 1-6 | 231334093.00 |
| 171000000 | Interest Earned | 1-8 | 709450.00 |
| 180000000 | Other Income | 1-9 | 134592.00 |
| | Total Income | | 244441181.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 14662408.00 |
| 220000000 | Administrative Expenses | I-11(b) | 1353767.00 |
| 230000000 | Operations & Maintenance | I-12(b) | 2844126.00 |
| 240000000 | Interest & Finance Charges | 1-13 | 1428.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | 1-14 | 13956284.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 83659042.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3171469.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 988209.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | 1-14(d) | 97715600.00 |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | I-14(e) | 9261320.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | 1-15(a) | 15095.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | 1-15 | 556000.00 |
| | Total Expenditure | | 228184748.00 |
| | Gross Surplus/ Deficit of income over Expenditure | | 16256433.00 |
| 280000000 | Prior Period Item | 1-18 | -427412.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 16683845.00 |
| 290000000 | Transfer to Reserve Funds | 1-18(a) | 0.0 |

## അനുബന്ധം-5
## ബാലൻസ് ഷീറ്റ്

Pallikkara Grama Panchayat

BALANCE SHEET

For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 52277722.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 1108.00 |
| 312000000 | Reserves | B-3 | 79358413.00 |

| | | | |
|---|---|---|---|
| | Total Reserve & Surplus | | 131637243.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 20435777.00 |
| | Total Grants, Contributions for Specific Purposes | | 20435777.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 27853325.00 |
| | Total Loans | | 27853325.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 399668.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2105090.00 |
| | Total Current Liabilities and Provisions | | 2504758.00 |
| | TOTAL LIABILITIES | | 182431103.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 148252547.00 |
| 411000000 | Accumulated Depreciation | B-11 | -50501958.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 97750589.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 17375076.00 |

| | | | |
|---|---|---|---|
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 19033325.00 |
| 450000000 | Cash and Bank Balance | B-17 | 39685668.00 |
| 460000000 | Loans, Advances and Deposits | B-18 | 8586445.00 |
| | Total Current Assets, Loans and Advances | | 0.0 |
| | Total Current Assets, Loans and Advances | | 84680514.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | 0.0 |
| | TOTAL ASSETS | | 182431103.00 |

## അനുബന്ധം-6

## ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികൾകൾക്ക് TDS ആയി ജി.എസ്.ടി ഈടാക്കാത്ത പ്രവൃത്തികൾ.

| പ്രവൃത്തിയുടെ പേര്, പ്രൊജക്ട് നമ്പർ. | എം ബുക്ക് നമ്പർ. | കരാറുകാരന്റെ പേര് | കരാറുകാരന് തുക നൽകിയതിന്റെ വിവരങ്ങൾ | | ട്രഷറി ബിൽ നമ്പർ, തീയതി. |
|---|---|---|---|---|---|
| തോക്കാനം മൊട്ട കോളനി പൊതു കിണറിന് ഗ്രിൽ നെറ്റ് (പ്രൊജക്ട് നമ്പർ 95/22) | 73/21-22 | എം.എച്ച്.അബ്ദുൾ ഖാദർ | ആകെ അളവുമൂല്യം | 23195/- | BRN 21200752008901417024 തീയതി: 21.03.2022 |
| | | | (+) 12% GST | 2783/- | |
| | | | ആകെ | 25978/- | |
| | | | (-) ആദായ നികുതി | 232/- | |

| | | | | | |
|---|---|---|---|---|---|
| | | | (-)നിർമ്മാണ ക്ഷേമ നിധി | 232/- | |
| | | | കരാറുകാരന് നൽകിയ തുക | 25514/- | |
| ബേക്കൽ കുടുമ്പക്ഷേമ കേന്ദ്രം നവീകരണം (പ്രൊജക്ട് നമ്പർ 89/22) | 97/21-22 | സുകേഷ്.എം | ആകെ അളവുമൂല്യം | 124043/- | BRN 21200752008901520860 തീയതി: 30.03.2022 |
| | | | (+) 12% GST | 14885/- | |
| | | | ആകെ | 138928/- | |
| | | | (-) ആദായ നികുതി | 1240/- | |
| | | | (-)നിർമ്മാണ ക്ഷേമ നിധി | 1240/- | |
| | | | കരാറുകാരന് നൽകിയ തുക | 136448/- | |
| അരവത്ത് സൂര്യപാറ റോഡ് റീടാറിംഗ് (പ്രൊജക്ട് നമ്പർ 23/22) | 106/21-22 | കെ.എ.അബ്ദുള്ള | ആകെ അളവുമൂല്യം | 140076/- | BRN 21200752008901520919 തീയതി: 30.03.2022 |
| | | | (+) 12% GST | 16809/- | |
| | | | ആകെ | 156885/- | |
| | | | (-) ആദായ നികുതി | 1401/- | |
| | | | (-)നിർമ്മാണ ക്ഷേമ നിധി | 1401/- | |
| | | | കരാറുകാരന് നൽകിയ തുക | 154083/- | |
| കായക്കുന്ന് തോണിക്കടവ് റോഡ് ടാറിംഗ് (പ്രൊജക്ട് നമ്പർ 191/22) | 68/21-22 | കെ.എ.അബ്ദുള്ള | ആകെ അളവുമൂല്യം | 178364/- | ചെക്ക് നം. 5252756 തീയതി: 08.03.2022 |
| | | | (+) 12% GST | 21404/- | |
| | | | ആകെ | 199768/- | |
| | | | (-) ആദായ നികുതി | 1784/- | |

| | | | | | |
|---|---|---|---|---|---|
| | | | (-)നിർമ്മാണ ക്ഷേമ നിധി | 1784/- | |
| | | | കരാറുകാരന് നൽകിയ തുക | 196200/- | |
| അഗസറഹൊള അങ്കണവാടി വൈദ്യുദീകരണം (പ്രൊജക്ട് നമ്പർ 196/22) | 103/21-22 | മനോജ്.പി. | ആകെ അളവുമൂല്യം | 52608/- | ചെക്ക് നം. 5252440<br>തീയതി: 27.03.2022 |
| | | | (+) 12% GST | 6313/- | |
| | | | ആകെ | 58921/- | |
| | | | (-) ആദായ നികുതി | 531/- | |
| | | | (-)നിർമ്മാണ ക്ഷേമ നിധി | 531/- | |
| | | | കരാറുകാരന് നൽകിയ തുക | 57859/- | |
| പി.എച്ച്.സി. കോമ്പൗണ്ട് നവീകരണം (പ്രൊജക്ട് നമ്പർ 199/22) | 75/21-22 | ബി.എ.അബ്ദുൾ ഖാദർ | ആകെ അളവുമൂല്യം | 123608/- | ചെക്ക് നം. 5252778<br>തീയതി: 31.03.2022 |
| | | | (+) 12% GST | 14833/- | |
| | | | ആകെ | 138441/- | |
| | | | (-) ആദായ നികുതി | 1236 /- | |
| | | | (-)നിർമ്മാണ ക്ഷേമ നിധി | 1236/- | |
| | | | കരാറുകാരന് നൽകിയ തുക | 135969/- | |
| സ്മാർട്ട് മഖാം ലിങ്ക്റോഡ് ബാക്കി ഭാഗം കോൺക്രീറ്റ് (പ്രൊജക്ട് നമ്പർ 155/22) | 59/21-22 | അഹമ്മദ് സുലൈനെഫ് | ആകെ അളവുമൂല്യം | 159622/- | വൗച്ചർ നം.XVFC/2021-22/P/2<br>തീയതി: 19.02.2022 |
| | | | (+) 12% GST | 19155/- | |
| | | | ആകെ | 178777/- | |
| | | | (-) ആദായ നികുതി | 1596/- | |

| | | | | | |
|---|---|---|---|---|---|
| | | | (-)നിർമ്മാണ ക്ഷേമ നിധി | 1596/- | |
| | | | കരാറുകാരന് നൽകിയ തുക | 175585/- | |
| തെക്കുമ്പുറം കീക്കാൻ അങ്കണവാടിക്ക് വയറിംഗ് വർക്സ് (പ്രൊജക്ട് നമ്പർ 192/22) | 131/20-21 | മനോജ്.പി. | ആകെ അളവുമൂല്യം | 46960/- | BRN 21200752008900290749 തീയതി: 11.08.2021 |
| | | | (+) 12% GST | 5635/- | |
| | | | ആകെ | 52595/- | |
| | | | (-) ആദായ നികുതി | 470/- | |
| | | | (-)നിർമ്മാണ ക്ഷേമ നിധി | 470/- | |
| | | | കരാറുകാരന് നൽകിയ തുക | 51655/- | |